# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ഏപ്രിൽ 2024



- ജീവിത നൈപുണ്യ വികസനവും കുട്ടികളുടെ മാനസികാരോഗ്യവും
- കത്തോലിക്കസഭയെ അറിയാം, പഠിക്കാം

50 Years Golden Jubilee



# Sacerdotal Golden Jubilee

## Friar Charles Mathew OFM

*Committed Pastoral Care Life & Mission*

(1974 - 2024)

**St. Joseph Latin Church**
Mathilakam, Trichur Dist.,
Kerala, India

**Wednesday**
**10**
**APRIL 2024**

**SANJO**
**Convention Center**
MATHILAKAM

**EUCHARISTIC CELEBRATION:** 9.30 AM

**FELICITATION:** 11.00 AM

**RELEASING THE BOOK:**

LOOKING BACK TO LOOK FORWARD TO…
Discipleship and Pastoral Care

ആശംസകളോടെ....

**സെന്റ് ജോസഫ് റോമൻ കാത്തലിക് ദൈവാലയം, മതിലകം**



"I have inscribed you on the palms of my hands"
(Isaiah 49:16)



# Priestly Ordination



**Dn. Johnson Jose (Jibin)**
**Kollamamparambil OSJ**

**To be conferred by His Exellency**
**Rt. Rev. Dr. Ambrose Puthenveetil**
(Bishop of Kottapuram)

**07.04.2024 | 3:30 pm**

**St. Joseph Latin Church Mathilakam**

ആശംസകളോടെ....

**സെന്റ് ജോസഫ് റോമൻ കാത്തലിക് ദൈവാലയം, മതിലകം**



ഫാ. ജോജോ പയ്യപ്പിള്ളി
ചീഫ് എഡിറ്റർ



# നന്മകൾ മരിക്കാതിരിക്കട്ടെ...

**ഒ**രിക്കൽ ഒരു വൃദ്ധസന്യാസിയോട് ഒരാൾ ചോദിച്ചു :

***"എന്തുകൊണ്ടാണ് കുഞ്ഞുങ്ങളേ സ്വർഗത്തിൽ പോകുകയുള്ളു എന്ന് യേശു പറഞ്ഞത്?"***

സന്യാസി ചിരിച്ചുകൊണ്ട് പറഞ്ഞു:

***"മറ്റുള്ളവർ സ്വർഗം അന്വേഷിച്ചു പോകുമ്പോൾ കുഞ്ഞുങ്ങൾ തങ്ങൾ ആയിരിക്കുന്ന ഇടങ്ങളൊക്കെ സ്വർഗം ആക്കിമാറ്റുന്നു. അതുകൊണ്ടാണ് അവർ സ്വർഗത്തിന് അവകാശികൾ ആയിത്തീരുന്നത്"***

ദൈവത്തിന്റെ അനുഗ്രഹങ്ങൾ ആണ് കുഞ്ഞുങ്ങൾ. ദൈവസ്നേഹം കലർപ്പില്ലാതെ ചുറ്റുമുള്ളവരിലേക്ക് പകർന്നു കൊടുത്ത് ആയിരിക്കുന്ന ഇടങ്ങളിലൊക്കെ സ്വർഗം തീർക്കാൻ അനുഗ്രഹം ലഭിച്ചവർ. സ്വർഗത്തിന്റെ കിളിവാതിൽ പോലുള്ള കണ്ണുകളും ദൈവത്തിന്റെ മന്ദഹാസം മാറാതെ നിലനിൽക്കുന്ന അധരങ്ങളും എല്ലാവരെയും സ്വീകരിക്കുന്ന ഹൃദയവും അവരെ ഒരു ദൈവാലയം കണക്കെ ആക്കുന്നുണ്ട്. ഭൂമിയിൽ സ്വർഗം തീർക്കാൻ അനുഗ്രഹിക്കപ്പെട്ട കുഞ്ഞുങ്ങൾ ഇന്ന് ചിലപ്പോഴെങ്കിലും പല തരത്തിലുള്ള ആകുലതകളുടെ നടുവിലേക്ക് എടുത്ത് എറിയപ്പെടുന്നുണ്ട്. വളർച്ചയുടെ പടവുകളിൽ എവിടെയൊക്കെയോ വച്ചു അവർക്ക് കാലിടറുന്നത് ചുറ്റുമുള്ളവർ അറിയാതെ പോകുന്നുണ്ട്. ചുറ്റും നിൽക്കുന്നവർ പല വിധത്തിലുള്ള ആശയപ്രത്യയ ശാസ്ത്രങ്ങൾകൊണ്ട് അവരെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നതിൽ വിജയം കാണുന്നുമുണ്ട്. കൂടെ പഠിക്കുന്നവരെ നിസ്വാർത്ഥമായി സ്നേഹിച്ചു തോളിൽ കയ്യിട്ടുനടക്കുന്ന സ്നേഹിതനിൽ നിന്നും സ്വർത്ഥതക്കുവേണ്ടി ഒറ്റുകൊടുക്കുവാനും ബലി കഴിക്കുവാനും മടിയില്ലാത്ത മനുഷ്യരിലേക്ക് പരകായ പ്രവേശനം നടത്താൻ വിധം തലമുറ മാറിക്കഴിഞ്ഞു. ഈ കഴിഞ്ഞ ദിവസങ്ങളിൽ പത്രമാധ്യമങ്ങളിൽ കണ്ണുനീരിന്റെ നനവോടുകൂടെ നാം വായിച്ച ഒരു പേര് - **'സിദ്ധാർഥൻ'** അതിനൊരു ഉദാഹരണം മാത്രം.





പരീക്ഷ കാലത്തിന്റെ ടെൻഷനൊക്കെ ഒഴിഞ്ഞ് ആർത്തു ചിരിച്ചുകളിച്ച് ഉല്ലസിക്കാൻ വീണ്ടും ഒരു അവധിക്കാലം കൂടെ കടന്നുവരികയാണ്. നമ്മുടെ മക്കൾക്ക് ഈ ഒരു അവധികാലത്ത് എന്താണ് നമുക്ക് കൊടുക്കാൻ സാധിക്കുക?

ധാരാളം പണം സമ്പാദിക്കുന്ന ഒരാൾ, തന്റെ കുഞ്ഞുങ്ങൾ മറ്റുള്ളവരെക്കാൾ ഏറെ ഭാഗ്യമുള്ള വരാണെന്ന ബോധ്യം അവർക്ക് ഉണ്ടാകണമെന്ന നിർബന്ധം അയാൾക്കുണ്ട്. താൻ അവർക്ക് എല്ലാ സൗഭാഗ്യവും നേടിക്കൊടുത്തു എന്ന് അവർ കരുതണം. ഒരു ദിവസം അയാൾ കുഞ്ഞുങ്ങളെയും കൂട്ടി കടൽത്തീരത്ത് പോയി. ആ കടൽ തീരത്തെ കാറ്റിലാടുന്ന കുടിലുകളും മെലിഞ്ഞുണങ്ങിയ കുട്ടികളെയും തന്റെ മക്കൾക്ക് കാണിച്ചുകൊടുത്തു. ഇതെല്ലാം കണ്ട് തന്റെ മക്കൾ, 'തങ്ങൾ ഭാഗ്യമുള്ളവരാണ്' എന്ന് അവർ സ്വയം പറയുമെന്ന് അയാൾ കരുതി. മടക്കയാത്രയിൽ ഒന്നും സംസാരിക്കാതിരുന്ന കുഞ്ഞുങ്ങൾ അയാളുടെ ഹൃദയം തകർത്തുകൊണ്ടാണ് ആ ചോദ്യം ചോദിച്ചത്. "ആ കടൽത്തീരത്തെ കുട്ടികൾ എത്ര ഭാഗ്യം ഉള്ളവരാണ്. അവർക്ക് എത്ര വലിയ കടലാണ് സ്വന്തമായി ഉള്ളത്. അവർക്ക് സ്വന്തമായി എത്ര വലിയ കടൽത്തീരമാണ് കളിക്കാൻ ഉള്ളത്. നമ്മൾ എന്തേ ഇത്ര പാവപ്പെട്ടവർ ആയി പോയി?" നമ്മൾ മാതാപിതാക്കൾ പലപ്പോഴും കരുതുന്നത് തങ്ങളുടെ മക്കൾക്ക് ഏറ്റവും ബെസ്റ്റ് കൊടുത്തു എന്നാണ്. പക്ഷേ യഥാർത്ഥ സത്യം അതല്ലാതെ പോകുന്നു.

***കുഞ്ഞുങ്ങളെ കൂടുതലായി മനസ്സിലാക്കുവാനും ചേർത്തുപിടിക്കാനും കിട്ടുന്ന ഈ അവധിക്കാലം അവരുടെ മനസ്സിലേക്ക് കുറച്ചുകൂടി നന്മകൾ കൊടുക്കുവാൻ, ആഴത്തിലുള്ള സ്നേഹത്തിന്റെ വേര് വളർത്തുവാൻ, നമുക്ക് സാധിക്കട്ടെ.*** അങ്ങനെ മാനസികവും ശാരീരികവുമായ കരുത്തുള്ളവരായി ദൈവത്തിന്റെ സമ്മാനങ്ങൾ ആയി സമൂഹത്തിൽ കുട്ടികൾ വളരട്ടെ...






"സ്വന്തം കഴിവിൽ ആശ്രയിച്ച് ഹൃദയാഭിലാഷങ്ങൾക്കൊത്തു ജീവിക്കരുത്."
പ്രഭാഷകൻ 5 : 2

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ഏപ്രിൽ 2024

**രക്ഷാധികാരി**

റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**

ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**

ഫാ. എബ്നേസർ ആന്റണി കാട്ടിപ്പറമ്പിൽ

ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**

ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**

ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**

ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**

ഫാ. ലിജോ മാത്യു താണിപ്പിള്ളി

ശ്രീ. സിപ്പി പള്ളിപ്പുറം

ശ്രീ. ജോയ് ഗോതുരുത്ത്

ശ്രീ. ജോസഫ് പനക്കൽ

**ഡി. ടി. പി.**

ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 0480 2807678
didimoskottapuram@gmail.com

## താളുകളിൽ

പൈതൃകാമുഖം
**അനുഗ്രഹത്തിന്റെ അവധിക്കാലം** ........................ 4

**ജീവിത നൈപുണ്യ വികസനവും കുട്ടികളുടെ മാനസികാരോഗ്യവും** ........................ 5

കറുപ്പ്
**വേരുകളും ചിറകുകളും** ........................ 8

നോട്ടം
**ഇന്നലെകളുടെ..... നാളെയുടെ അവധിക്കാലം** ....... 9

**കത്തോലിക്കസഭയെ അറിയാം, പഠിക്കാം** ................ 11

**അയൽക്കൂട്ടം** ........................ 14

**വാർത്തകൾ** ........................ 18

**മതബോധന അറിയിപ്പുകൾ** ........................ 25

**പിതാവിന്റെ ഡയറി** ........................ 26

**പിൻമൊഴി** ........................ 28





# അനുഗ്രഹത്തിന്റെ അവധിക്കാലം

**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**ജൂ**ൺ മാസത്തെ മഴയുടെ ചിണുക്കത്തോടെ ആരംഭിച്ച ഒരു അധ്യായന വർഷം മാർച്ചിന്റെ കനലിൽ കെട്ടടങ്ങുമ്പോൾ ഒരു തിരിഞ്ഞു നോട്ടം ആവശ്യമാണ്. ജീവിതത്തിന്റെ പ്രഭാതത്തിൽ പ്രകാശം ചൊരിഞ്ഞ അധ്യാപകർക്ക്, മദ്ധ്യാഹനത്തിന്റെ ചൂടിൽ തണലേകിയ അനേകം വ്യക്തികൾക്ക്, സായാഹനത്തിന്റെ സങ്കടങ്ങളിൽ കൂടെ നിന്ന കൂട്ടുകാർക്ക്, പുസ്തക സഞ്ചയത്തിനും മാതാപിതാക്കൾക്കും.

അവധിക്കാലം ഒരു തിരിച്ചറിവിന്റെയും തിരുത്തലിന്റെയും കാലമാണ്. ഓടിയ ഓട്ടത്തിനിടയിൽ ഒരു നിമിഷം നിന്ന്, ഇനി എങ്ങനെ ഓടണം, എങ്ങോട്ട് ഓടണം എന്ന് ഓർക്കുവാനുള്ള, ആരുടെയും ശാഠ്യത്തിന്റെ തുറിച്ച് നോട്ടം ഇല്ലാത്ത ഈ സമയം സന്തോഷത്തിന്റെ പെരുമഴയിൽ നിൽക്കുന്ന അനുഭവമാകണം. രണ്ടുമാസത്തെ അവധിയുടെ കൈ പിടിച്ചു നടക്കുമ്പോൾ ഞാൻ ആരാണ്? എന്റെ ലക്ഷ്യം എന്ത്? എന്ന തിരിച്ചറിവില്ലെങ്കിൽ അവധിക്കാലം ഒരു കുംഭകർണ്ണ ഉറക്കമായി മാറും. **വിശുദ്ധ ഇറനേവൂസ്** പറയുന്നതുപോലെ ***"God's glory is, when human fully alive."*** ഒരു ഉണർവ് ഈ അവധിയിലൂടെ നേടിയെടുക്കാം. ഒന്നിൽ നിന്നും രണ്ടിലേക്കും, നാലിൽ നിന്നും അഞ്ചിലേക്കും, പത്തിൽ നിന്നും പതിനൊന്നിലേക്കും ഒക്കെ വളരുമ്പോൾ പുതുമയുള്ളവരായി നാം മാറുന്നു. സ്വപ്നങ്ങൾ ഉള്ളവരും, സ്വപ്നങ്ങൾക്ക് ചിറക് വിടർത്തുവാനുള്ള മനഃശക്തിയുള്ളവരുമായി മാറുവാൻ ഈ അവധിക്കാലം നമ്മെ സഹായിക്കട്ടെ. **ഓരോ തിരഞ്ഞെടുപ്പും ഓരോ ഉത്തരവാദിത്വമാണ്.** വൈദികരാവാൻ, സന്യസ്തരാവാൻ, കുടുംബത്തിന്റെ അത്താണിയാവാൻ രാഷ്ട്രത്തിന്റെ ശില്പികളാവാൻ, സമൂഹത്തിന്റെ നേർവെളിച്ചമാകുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.



# ജീവിത നൈപുണ്യ വികസനവും കുട്ടികളുടെ മാനസികാരോഗ്യവും

**റവ. ഡോ. ജിജു ജോർജ്ജ് അറക്കത്തറ**
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്

**കു**ട്ടികളെയും കൗമാരക്കാരെയും സംബന്ധിച്ച് വ്യക്തിത്വ വികസനത്തിനും സ്വഭാവ രൂപീകരണത്തിനും മാനസിക വളർച്ചയ്ക്കുമുള്ള അനന്തസാധ്യതകളുടെ അവധിക്കാലമാണ് കടന്നു വന്നിട്ടുള്ളത്. യഥാർത്ഥത്തിലുള്ള വളർച്ചയും വികാസവും സംഭവിക്കുന്നത് പാഠപുസ്തകങ്ങൾക്കും ക്ലാസ് മുറികൾക്കും പുറത്താണ്.

സ്വന്തം കഴിവുകളെയും സാധ്യതകളെയും തിരിച്ചറിഞ്ഞുകൊണ്ട് അനുദിന ജീവിത പ്രശ്നങ്ങളെ അതിജീവിക്കുവാനും അങ്ങനെ ഫലപ്രദമായ ഒരു സാമൂഹിക ജീവിതം നയിക്കുവാനുമുള്ള കഴിവിനെയാണ് പൊതുവിൽ മാനസികാരോഗ്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

ദ്രുതഗതിയിൽ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സാമൂഹിക സ്ഥാപനമാണ് കുടുംബം. ഘടനയിലും പ്രവർത്തനശൈലിയിലുമാണ് കൂടുതൽ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ശാസ്ത്ര സാങ്കേതിക മേഖല കൈവരിച്ച നേട്ടങ്ങളും തുടർന്നുണ്ടായ വ്യവസായിക വളർച്ചയും കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയ്ക്ക് ആരംഭം കുറിച്ചു. നഗരങ്ങളിലേക്കുള്ള കുടിയേറ്റം കൂടിയതോടെ അണുകുടുംബങ്ങൾ രൂപപ്പെട്ടു. നഗരങ്ങളിലെ തൊഴിൽ ലഭ്യതകുറവും ഭാരിച്ച ജീവിത ചിലവും കൂടുതൽ സമ്പാദിക്കാനുള്ള മനുഷ്യന്റെ ആർത്തിയും അന്യസംസ്ഥാനങ്ങളിലേക്കും അന്യരാജ്യങ്ങളിലേക്കുമുള്ള കുടിയേറ്റത്തിന് കാരണമായി. മെച്ചപ്പെട്ട സമ്പാദ്യവും മുന്തിയ ജീവിതവും പ്രധാനപ്പെട്ട ലക്ഷ്യമായി മാറി.

കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്ന് അണുകുടുംബ വ്യവസ്ഥയിലേക്കുള്ള മാറ്റത്തിൽ വീട്ടിലെ അധികാര കേന്ദ്രം മുതിർന്നവരിൽ നിന്നും ഭർത്താവിന് ആധിപത്യം ഉള്ള സംവിധാനത്തിലേക്ക് മാറി. സ്ത്രീകൾ വിദ്യാഭ്യാസവും വരുമാനവും നേടിയതോടെ കുടുംബങ്ങൾ കൂടുതൽ ലിംഗസമത്വം ഉള്ളതായി മാറുകയും അതുവഴി കുടുംബബന്ധങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്തു.

കുട്ടികൾക്ക് നല്ല ആഹാരവും ഉന്നത വിദ്യാഭ്യാസവും വിലപിടിപ്പുള്ള വസ്തുക്കളും വാങ്ങിക്കൊടുക്കുക എന്നതിലുപരി ജീവിത നൈപുണ്യങ്ങൾ വളർത്താനും സാമൂഹിക പരിജ്ഞാനം നൽകാനും ധാർമികതയും മൂല്യബോധവും വളർത്തുവാനും ബോധപൂർവമായ പരിശ്രമങ്ങൾ കുടുംബങ്ങളിൽ നടക്കുന്നില്ല. പ്രായമായ മാതാപിതാക്കൾ കുടുംബങ്ങളിൽ ഒറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും അനായാസമായ ലഭ്യത, മാധ്യമങ്ങളുടെ അതിപ്രസരം, 24 മണിക്കൂറും ലഭ്യമാകുന്ന ഇന്റർനെറ്റ് സൗകര്യം ഇവയെല്ലാം ഒരു വിഭാഗം കുട്ടികളുടെയും കൗമാരക്കാരുടെയും മാനസികാരോഗ്യ

ത്തെയും പെരുമാറ്റരീതികളെയും ബാധിക്കുകയും ചെയ്യുന്നു.

മാതാപിതാക്കൾക്ക് നിയന്ത്രണവും സ്വാധീനവും ഇല്ലാത്ത കുട്ടികളിലാണ് മൊബൈൽ ഇൻറർനെറ്റ് അഡിക്ഷൻ കൂടുതലായി കണ്ടു വരുന്നത്. മൂല്യങ്ങളെയും ധാർമികതയെയും കുറിച്ച് കാര്യമായ അവബോധമില്ലാത്ത കുടുംബങ്ങളിലാണ് സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൂടുതലായി തലപൊക്കുന്നത്. ഇതിനെ മറികടക്കണമെങ്കിൽ ***ജീവിതനൈപുണ്യം, സാമൂഹിക പരിജ്ഞാനം, വൈകാരിക സാക്ഷരത, മൂല്യാധിഷ്ഠിത അവബോധനം, ലൈംഗിക വിദ്യാഭ്യാസം എന്നിവയിലൂന്നിയ മാനസിക പരിശീലന പരിപാടികൾ*** വ്യക്തികൾക്കും കുടുംബങ്ങൾക്കും പ്രധാനം ചെയ്യണം.

ആധുനിക സാങ്കേതിക വിദ്യകളുടെ തള്ളിക്കയറ്റത്തിൽ പെട്ട് വഴിതെറ്റി പോകുന്ന കുട്ടികളെ എങ്ങനെ കൈകാര്യം ചെയ്യണം എന്ന വിഷമത്തിലാണ് മാതാപിതാക്കളും അധ്യാപകരും. ***ലോകാരോഗ്യ സംഘടനയുടെ നിർവചന പ്രകാരം 10 വയസ്സിനും 19 വയസ്സിനും മധ്യേയുള്ള കാലഘട്ടമാണ് കൗമാരം.*** ശാരീരികമായും മാനസികമായും ഒട്ടേറെ മാറ്റങ്ങൾ സംഭവിക്കുന്ന കാലഘട്ടമാണിത്. ഈ പ്രായത്തിൽ സംഭവിക്കുന്ന ബുദ്ധിമുട്ടേറിയ അനുഭവങ്ങൾ ഒരു വ്യക്തിയുടെ മാനസികാരോഗ്യത്തിൽ നിർണായകമായ പങ്ക് വഹിക്കുന്നതാണ്. ഈ പശ്ചാത്തലത്തിലാണ് **ലോകാരോഗ്യ സംഘടന കൗമാരക്കാർക്ക് ലൈഫ് സ്കിൽസ് ട്രെയിനിങ്**



**അഥവാ ജീവിതനൈപുണ്യ പരിശീലന പദ്ധതി** മുന്നോട്ട് വെച്ചിട്ടുള്ളത്.

**ജീവിത നൈപുണ്യം** (Life Skills)

***ജീവിതത്തിലെ ബുദ്ധിമുട്ടേറിയതും പുതുമ നിറഞ്ഞതുമായ സാഹചര്യങ്ങളെ അഭിമുഖീകരിക്കാനും അതിജീവിക്കാനും ഒരു വ്യക്തിയെ പ്രാപ്തനാക്കുന്ന കഴിവുകളെയാണ് Life Skills അഥവാ ജീവിത നൈപുണ്യം എന്ന് പറയുന്നത്.*** ഇത്തരത്തിലുള്ള ***10 കഴിവുകളാണ്*** ലോകാരോഗ്യ സംഘടന മുന്നോട്ടുവയ്ക്കുന്നത്.

1. *ആശയ വിനിമയശേഷി (Comminication)*
2. *വ്യക്തിബന്ധ വികസന ശേഷി (Interpersonal relationship)*
3. *സ്വാവബോധം (Self Awareness)*
4. *തന്മയീ ഭാവം (Empathy)*
5. *തീരുമാനമെടുക്കൽ ശേഷി (Decision making)*
6. *പ്രശ്നപരിഹാര ശേഷി (Problem solving)*
7. *സർഗാത്മക ചിന്താശേഷി (Creative thinking)*
8. *ഗുണദോഷ യുക്തി വിചാരം (Critical Thinking)*
9. *വികാര നിയന്ത്രണ ശേഷി (Emotional Control)*
10. *സമ്മർദ്ദ നിയന്ത്രണശേഷി (Stress Management)*

വാക്കുകളിലൂടെയും അല്ലാതെയും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ മുൻപിൽ അവതരിപ്പിക്കാനുള്ള കഴിവാണ് ആശയ വിനിമയ ശേഷി. ഒരുവൻ ഇടപെടുന്ന മറ്റു വ്യക്തികളോട് – അധ്യാപകർ, സഹപാഠികൾ, അയൽക്കാർ– എന്നിവരോട് ഉചിതമായ വ്യക്തി ബ




*"മകനേ, അന്യൂനമായ ജ്ഞാനവും വിവേചനാശക്തിയും പുലർത്തുക; അവ നിന്റെ ദൃഷ്ടിയിൽ നിന്ന് മാഞ്ഞുപോകാതിരിക്കട്ടെ."* സുഭാഷിതങ്ങൾ 3 : 21

ന്ധങ്ങൾ വികസിപ്പിക്കുവാനുള്ള കഴിവാണ് വ്യക്തിബന്ധ വികസനശേഷി. ഒരുവന്റെ കഴിവുകളും കഴിവുകേടുകളും തിരിച്ചറിയാനുള്ള സിദ്ധിയാണ് സ്വാവബോധം. മറ്റൊരാളുടെ വികാരങ്ങളെ പൂർണ്ണമായും മനസ്സിലാക്കിക്കൊണ്ട് അതിനനുസൃതമായി പ്രതികരിക്കാനുള്ള കഴിവാണ് തൻമയി ഭാവം. ഭാവിയിലെ ഓരോ ഘട്ടങ്ങളിലും തീരുമാനം എടുക്കും മുൻപ് അവയുടെ സാധ്യതകളും പ്രത്യാഘാതങ്ങളും മുൻകൂട്ടി മനസ്സിലാക്കിക്കൊണ്ട് പൂർണ്ണമായ ഉത്തരവാദിത്വത്തോടെ തീരുമാനം എടുക്കാനുള്ള കഴിവാണ് തീരുമാനമെടുക്കൽ ശേഷി. ജീവിതത്തിൽ ഒരു പ്രശ്നസാഹചര്യം വരുമ്പോൾ അതിന്റെ എല്ലാ വശങ്ങളും വിശദമായി മനസ്സിലാക്കി ഉചിതമായ പരിഹാരമാർഗം തിരഞ്ഞെടുക്കാനുള്ള കഴിവാണ് പ്രശ്ന പരിഹാര ശേഷി. ഇതുവരെ നമ്മൾ കേട്ടിട്ട് പോലുമില്ലാത്ത, തികച്ചും പുതുമയുള്ള സാഹചര്യങ്ങളെ തരണം ചെയ്യാനുള്ള കഴിവാണ് സർഗാത്മക ശേഷി. നമ്മൾ അനുഭവിക്കുന്ന സാഹചര്യങ്ങളുടെ ഗുണവും ദോഷവും വിശകലനം ചെയ്യാനും പരിശോധിച്ചറിയുവാനുള്ള കഴിവാണ് ഗുണദോഷ വിശകലന ശേഷി. അമിതമായ ഉൽക്കണ്ഠ, കാമം, ക്രോധം, നിരാശ തുടങ്ങിയ വികാരങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുവാനുള്ള കഴിവാണ് വികാര നിയന്ത്രണ ശേഷി. ജീവിതസമ്മർദ്ദങ്ങളെ നിയന്ത്രിക്കുവാനും അതുവഴി ശാരീരിക മാനസിക രോഗങ്ങളെ നിയന്ത്രിക്കാനുമുള്ള കഴിവാണ് സമ്മർദ്ദ നിയന്ത്രണശേഷി.

***ജീവിത നൈപുണ്യം അഥവാ ലൈഫ് സ്കിൽസ് ഇല്ലാത്ത കുട്ടികളിലും കൗമാരക്കാരിലും സാധാരണയായി കണ്ടുവരുന്ന പ്രശ്നമാണ് ഉത്ക്കണ്ഠ രോഗങ്ങൾ (Anxiety Disorders) എന്ന പേരിൽ അറിയപ്പെടുന്ന ഒരു കൂട്ടം രോഗങ്ങൾ. കൗമാരക്കാരിൽ ഏകദേശം 15% പേർ ഇത്തരം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് സോഷ്യൽ ഫോബിയ.*** സമൂഹത്തിലെ 10 ശതമാനം കൗമാരക്കാർക്ക് വിവാഹം പോലെയുള്ള പൊതു ചടങ്ങുകളിൽ പങ്കെടുക്കുമ്പോൾ അമിതമായ ഉത്ക്കണ്ഠ അനുഭവപ്പെടുന്നുണ്ട്. പൊതുവേദികളിൽ സംസാരിക്കുക, അപരിചിതരുമായി പ്രത്യേകിച്ച് എതിർലിംഗത്തിൽ പെട്ടവരുമായി സംസാരിക്കുക തുടങ്ങിയവയൊക്കെ ഇവർക്ക് വളരെ പ്രയാസമാണ്. പൊതുചടങ്ങുകളിൽ നിന്നും ഒഴിഞ്ഞുനിൽക്കുവാനും അപരിചിതരെ അഭിമുഖീകരിക്കേണ്ട സാഹചര്യങ്ങൾ ഒഴിവാക്കാനും ശ്രമിക്കുന്ന അവസ്ഥയാണ് സോഷ്യൽ ഫോബിയ. പൊതുസ്ഥലങ്ങളിൽ മറ്റുള്ളവർ തങ്ങളെ നിരന്തരം നിരീക്ഷിക്കുകയാണ് എന്ന ചിന്തയാണ് ഇത്തരക്കാരെ നയിക്കുന്നത്. ഇത്തരം സാഹചര്യങ്ങളിൽ അമിതമായ നെഞ്ചിടിപ്പ്, വിറയൽ, നാവും ചുണ്ടും ഉണങ്ങുക, അമിതമായി വിയർക്കുക തുടങ്ങിയ ലക്ഷണങ്ങൾ കാണിക്കും. സോഷ്യൽ ഫോബിയ ഉള്ള കുട്ടികളിൽ പൊതുവേ അപകർഷതാബോധം കൂടുതലായിരിക്കും. മാതാപിതാക്കൾ അവരെ മറ്റു കുട്ടികളുമായി താരതമ്യം ചെയ്തു പരിഹസിക്കുന്നത് സാഹചര്യം കൂടുതൽ മോശമാകും. കൗമാരക്കാർക്കായി ലോകാരോഗ്യ സംഘടന ശുപാർശ ചെയ്തിട്ടുള്ള ജീവിത നൈപുണ്യ പരിശീലന പദ്ധതി കുട്ടികളുടെ സമഗ്രമായ വളർച്ചയ്ക്കും മികച്ച മാനസിക ആരോഗ്യത്തിനും ഏറെ പ്രയോജനപ്രദമാണ്.








# വേരുകളും ചിറകുകളും

**ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ**

**ചി**ലപുസ്തകങ്ങൾ നാം അന്വേഷിച്ചു കണ്ടെത്തുന്നതല്ല നമ്മെ തേടിഎത്തുന്നതാണ്. അർഹതയുള്ള വായനക്കാരെ തേടിവരുന്ന പുസ്തകങ്ങൾ... ചിലപ്പോൾ വായനക്കിടയിൽ യാദൃച്ഛികമായി കണ്ടുകിട്ടുന്ന പുസ്തകങ്ങളും ഉണ്ട്. അത്തരമൊരു പുസ്തകമാണ് ഈ മാസത്തെ വായനജീവിതം അനുഗ്രഹമാക്കിയത്. അത് ***പി.എൻ. ദാസിന്റെ 'വേരുകളും ചിറകുകളും'*** എന്ന പുസ്തകമാണ്. ഈ പുസ്തകം പ്രസിദ്ധികരിച്ചിരിക്കുന്നത് ഗ്രീൻ ബുക്സ്. വില 225 രൂപ. പ്രസിദ്ധികരിച്ചത് 2011 ൽ. പുനഃപ്രസിദ്ധികരിച്ചത് 2020 ൽ.

പി.എൻ. ദാസിനെകുറിച്ചു ആദ്യമായി അറിയുന്നത് ബോബി അച്ചനിൽ നിന്നുമാണ്. അതുവരെയും ദാസ് രചിച്ചിട്ടുള്ള പുസ്തകങ്ങൾ വായിച്ചിരുന്നില്ല. എങ്കിലും ബോബി അച്ചന്റെ വിവരണം അടിസ്ഥാനപ്പെടുത്തി ദാസ് ഒരു ആത്മീയ എഴുത്തുകാരനാണെന്നു തീർച്ചപ്പെടുത്തിയിരുന്നു. എന്റെ ചിന്തയെ ബലപ്പെടുത്തുന്ന പോലെ ആത്മീയ ചിന്തകളാണ് വേരുകളും ചിറകുകളും എന്ന ഈ പുസ്തകം.

മണ്ണും ആകാശവും പ്രതീകങ്ങളാണ്. ഒരാൾ അയാളുടെ ഉള്ളിലേക്കു കടന്നു സ്വയം അവബോധം നേടുന്നത് എങ്ങനെയാണു? അയാൾക്ക് സ്വയം ഉള്ളിലേക്ക് കടക്കാനുള്ള സാഹചര്യങ്ങൾ സൃഷിക്കപ്പെടുമ്പോൾ. ഇങ്ങനെയാണ് കഥകൾ അതിന്റെ ധർമങ്ങൾ നിർവഹിക്കുന്നത്. ഒരുവന്റെ ഉള്ളിലേക്ക് കടന്നു പതുക്കെ ആഴത്തിലേക്ക് വേരുകൾ ആഴ്ത്തുന്നു. അനന്തമായ വിഹായസ്സിലേക്കു പറന്നുയരാൻ ചിറകുകൾ മുളപ്പിക്കുന്നു.

***ആകാശം അനന്തതയാണ്. അനന്തതയിലേക്ക് ചിറകു വിരിച്ചു ചിറകു വിരിച്ച പറക്കുന്നു. മണ്ണിലേക്ക് ആഴത്തിൽ വേരുകൾ പടർത്തുന്നു. ഉയരങ്ങളിലേക്ക് പറന്നുയരാനും ആഴത്തിലേക്ക് വേരുകൾ പടർത്താനും സഹായിക്കുന്ന കഥകളുടെ വിന്യാസം.*** സമഗ്രമായ ഉള്ളടക്കവും വൈവിധ്യപൂർണമായ വിഷയക്രമീകരണവും വായനയെ അർത്ഥപൂർണമാകുന്നു.

സ്നേഹത്തിൽ ആരംഭിച്ചു മുന്നോട്ടുപോകുന്ന പാഠങ്ങൾ എന്ന ക്രമത്തിലാണ് അധ്യായങ്ങളെ ക്രമീകരിച്ചിരിക്കുന്നത്. ***ചെറിയ കഥകളോട് ബന്ധപ്പെട്ടു നിൽക്കുന്ന ആത്മീയ നിരീക്ഷണങ്ങളും അനുഭവങ്ങളുമാണ് ഈ പാഠങ്ങളുടെ ഉള്ളടക്കം വേദപുസ്തകത്തിൽ എഴുതിയതുപോലെ ഒരുവൻ മണ്ണിൽ പാകിയ കടുകുമണിക്കു സദൃശമാണു ദൈവരാജ്യം.*** അത് പതുക്കെ വളർന്നു മരമായി മാറുന്നു. നിരവധി പക്ഷികൾക്ക് അത് അഭയമായി മാറുന്നു. ഒരു കടുകുമണി പോലെ കഥകളും ചിലപ്പോഴൊക്കെ ഹൃദയത്തിൽ വളർന്നു ബോധോദയത്തിന്റെ തിരികൾ തെളിക്കാറുണ്ട്. ഈ കടുകുമണി ആരു വിതറി എന്നല്ല, അത് എപ്രകാരം വളർത്തി എടുത്തു എന്നതാണ് പ്രദാനം. വായന ബോധോദയ പ്രക്രിയയിലേക്കുള്ള സഞ്ചാരത്തിന് ഊർജം പകരട്ടെ എന്ന് പ്രത്യാശിക്കാം.



*"അവിടുന്ന് സത്യസന്ധർക്കായി അന്യൂനമായ ജ്ഞാനം കരുതിവയ്ക്കുന്നു; ധർമിഷ്ഠർക്ക് അവിടുന്ന് പരിചയായിവർത്തിക്കുന്നു."* സുഭാഷിതങ്ങൾ 2 : 7



നോട്ടം

# ഇന്നലെകളുടെ... ഇന്നിന്റെ... നാളെയുടെ... അവധിക്കാലം

**ഫാ. മിഥുൻ ജോൺ മെന്റസ്**

**വീ**ണ്ടും ഒരു അവധിക്കാലം കൂടി വിരുന്നെത്തുന്നു... ഒട്ടനവധി ഓർമ്മകളിൽ പുൽകി, ബാല്യകാല ഓർമ്മകളുടെ മധുരച്ചിറകുകൾ നമ്മെ മഴവിൽ വർണ്ണങ്ങളുടെ അവധിക്കാലത്തേക്ക് കൂട്ടിക്കൊണ്ടു പോകാറുണ്ട്. ഇന്നലെകളിലെ അവധിക്കാലം ആനന്ദത്തിന്റെ, ആഘോഷത്തിന്റെ, മായാവർണ്ണങ്ങളുടെ വിസ്മയമാണ്. കണ്ണാരം പൊത്തി കളിച്ചതും, മണ്ണപ്പം ചുട്ടു കളിച്ചതും, പ്ലാവിലതൊപ്പി അണിഞ്ഞതും, കള്ളനും പോലീസും കളിച്ചതും, കുന്നിമണികൾ പെറുക്കി നടന്നതും, കളിവീടുണ്ടാക്കിയതും അവധിക്കാലത്തെ മായാത്ത ഓർമ്മകളിൽ ചിലതാണ്. ***സുഹൃദ് ബന്ധങ്ങളുടെ അയൽപക്കങ്ങളും, ആഴമായ കുടുംബ ബന്ധങ്ങളുടെ അമ്മവീടു സന്ദർശനങ്ങളും നമ്മുടെ വ്യക്തിബന്ധങ്ങളെ കൂടുതൽ സജീവമാക്കാനുള്ള അവസരങ്ങൾ കൂടിയായിരുന്നു നമ്മുടെ അവധിക്കാലങ്ങൾ.*** ഒത്തിരി ഓർമ്മകളും ഒരുപാട് ഹൃദയം തൊടുന്ന സംഭവങ്ങളുമായി നാം ആസ്വദിച്ച നന്മകളുടെ ഒരു കാലം.

കാലം മാറുന്നതിനനുസരിച്ച് മനുഷ്യൻ കോലം മാറിയപ്പോൾ നമ്മൾ ആസ്വദിച്ചിരുന്ന അവധിക്കാലത്തിന്റെ മുഖച്ഛായ മാറിപ്പോയിരുന്നു. ആധുനിക സംസ്കാരം നമ്മുടെ കുട്ടികൾക്ക് നേരമില്ലായ്മ സമ്മാനിക്കുന്നുണ്ട്. അവധിക്കാല ക്ലാസുകളും, ട്യൂഷൻ ക്ലാസുകളും, പുസ്തക ചുമടുകളും, അനാവശ്യമായ സ്ട്രെസ്സുകളും കുട്ടികളെ ഒരു യാന്ത്രികതയിലേക്ക് നയിക്കുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം. അവധിക്കാലം എന്നത് കുട്ടികൾക്ക് ക്ലാസ് ഇല്ലാത്ത കാലം, മാതാപിതാക്കൾ എങ്ങനെയെങ്കിലും ക്ലാസ്സ് തുറന്നാൽ മതിയായിരുന്നു കുട്ടികളെ ക്ലാസ്സിൽ അയക്കാൻ എന്ന് മുഷിഞ്ഞു പറയുന്ന കാലം, കുട്ടികളുടെ കൂടെ ഇരിക്കാനോ പുറത്തുപോകാനോ അവരുടെ അഭിരുചികളിൽ കൂട്ടിരിക്കാനോ ഇപ്പോൾ മാതാപിതാക്കൾക്കും നേരമില്ലാത്ത കാലം എന്നായി മാറിയിരിക്കുന്നു.

കുട്ടികളെ മിടുക്കന്മാരും മിടുക്കത്തിമാരും ആക്കാൻ നെട്ടോട്ടമോടുന്ന ഇന്നത്തെ മാതാപിതാക്കൾക്ക് അവധിക്കാലം എങ്ങനെ മക്കൾക്ക് ആസ്വാദ്യകരമാക്കാം എന്ന് ചിന്തയേ ഇല്ല. അവധിക്കാലത്ത് അടുത്ത വർഷത്തേക്കുള്ള പാഠങ്ങൾ മക്കളെ പഠിപ്പിക്കാൻ ശ്രമിക്കുന്നവരും, കഴിയുന്നത്ര നേരത്തെ മക്കളെ പേരുകേട്ട ട്യൂഷൻ ക്ലാസുകളിൽ ചേർക്കാൻ ഓടുന്നവരും അവധിക്കാലമായിട്ടും അതിരാവിലെ നാലുമണി മുതൽ പഠന തന്ത്രങ്ങൾ നടപ്പിലാക്കാൻ ട്രെയിനിങ് കൊടുക്കുന്നവരും മക്കളുടെ ഭാവിയുടെ പേര് പറഞ്ഞ് അവരുടെ സ്വപ്നങ്ങളുടെ സൗന്ദര്യം നശിപ്പിക്കുന്നവരാണ്. വലിയ വിലയുള്ള ബ്രാന്റഡ് സാധനസാമഗ്രികൾ കുട്ടികൾ ആഗ്രഹിക്കുന്നതിന് മുൻപ് എത്തിച്ചും, വൻകിട ബേക്കറികളിൽ നിന്നും ഹോട്ടലുകളിൽ നിന്നും ഇഷ്ടമുള്ള പലഹാരം വാങ്ങാൻ പണം നൽകി

യും മക്കളെ സന്തോഷിപ്പിച്ചിട്ട് അവരുടെ മേൽ പഠനഭാരവും ഭാവിയുടെ അമിത ഭാരത്തിന്റെ ചുമടും വച്ച് കളിക്കളങ്ങളിൽ നിന്നും സൗഹൃദ കൂട്ടായ്മയുടെ സുഹൃത്ത് വലയത്തിൽ നിന്നും അകറ്റി കളയുന്നു.

കുട്ടികൾ ഡോക്ടർ ആകണം... കളക്ടർ ആകണം... എൻജിനീയർ ആകണം... അങ്ങനെ എന്തൊക്കെയോ ആകണം. അവർ എസി മുറികളിൽ പണിയെടുക്കണം, വലിയ ശമ്പളം ലഭിക്കണം, ബിരുദങ്ങളും ബഹുമതികളും ലോറികളിൽ നിറച്ച് വീട്ടിൽ കൊണ്ടുവരണം, റോഡ് നിറഞ്ഞു കവിഞ്ഞു പോകുന്ന കാറിൽ മക്കൾ യാത്ര ചെയ്യണം, ലോകം അവരുടെ മുന്നിൽ താണുവണങ്ങണം എന്നിങ്ങനെ അവസാനം ഇല്ലാത്ത ആഗ്രഹങ്ങളുടെ പട്ടിക നിരത്തി കുട്ടികളെ അമിത സമ്മർദ്ദത്തിലേക്ക് നയിക്കുന്നു. അങ്ങനെ നമ്മുടെ കുട്ടികൾ അതീവ നിസ്സഹായരാകുന്നുണ്ട്. ഈ അവധിക്കാലങ്ങളിൽ പാറിപ്പറക്കേണ്ട, കളിമുറ്റത്ത് നിറയേണ്ട അവർ പതുക്കെ എല്ലാറ്റിലും നിന്ന് അകന്നു മാറി പോകുന്നു. ഈ കാലഘട്ടം കുട്ടികളെ നാളത്തെ അവരുടെ ജീവിത പരിസ്ഥിതികളുമായി പൊരുത്തപ്പെടുത്താൻ "നിങ്ങൾ പഠിച്ചാൽ മാത്രം മതി" എന്നു പറഞ്ഞ് ബാക്കിയെല്ലാം അപ്രധാനമാക്കി മാറ്റുന്നു. പഠനവും അറിവും അറിവിന്റെ പൊതുവിജ്ഞാനങ്ങളും മാത്രം മതി ഇന്നിന്റെ കുട്ടികൾക്ക് എന്ന് തീരുമാനിക്കുമ്പോൾ അവരുടെ അനുഭൂതിയുടെ അവധിക്കാലം കവർന്നെടുക്കപ്പെടുകയാണ്. കുട്ടികൾ മണ്ണിനെ അറിയേണ്ട...മഴയേയും വെയിലിനെയും മഞ്ഞിനെയും അറിയേണ്ട...മറ്റു മനുഷ്യരെയും സുഹൃത്തുക്കളെയും അറിയേണ്ട...അവധിക്കാലത്ത് പോലും അയൽപക്കത്തെ മറ്റു കുട്ടികളുമായി ചേർന്ന് കൂവിയാർത്തും കളിക്കാനും മണ്ണിലും ചെളിയിലും പ്രകൃതിയിൽ അലിയാനും അനുവദിക്കുന്നില്ല. അതിനാൽ നമ്മുടെ മക്കൾ വ്യത്യസ്ത ജീവിവർഗങ്ങളെയും സംസ്കാരത്തെയും മര്യാദകളെയും അറിയുന്നത് ചാനലുകളിലും മറ്റു സോഷ്യൽ മീഡിയകൾ വഴിയും മാത്രം.

കുട്ടികൾ ഈ അവധിക്കാലത്തെങ്കിലും പാഠപുസ്തകങ്ങൾ ഒന്നുമില്ലാതെ മറ്റെന്തെങ്കിലും വായിച്ചു വളരട്ടെ. മണ്ണിലും മഴയിലും മഞ്ഞിലും കളിച്ചുല്ലസിക്കട്ടെ. പല്ലിയെയും പാറ്റയെയും പൂമ്പാറ്റയെയും ചെടികളെയും പോലുള്ള ഈ ഭൂമിയുടെ സകല അവകാശികളെയും പരിചയപ്പെടട്ടെ. കൂട്ടുകാരോടൊപ്പം ചേരുന്നതോടെ ഓരോ കുട്ടിയും മറ്റു കുട്ടികൾ കടന്നുപോകുന്ന പരിസ്ഥിതികളെ മനസ്സിലാക്കട്ടെ. അങ്ങനെ അവധിക്കാലം ആസ്വദിച്ച് പ്രപഞ്ചത്തിന്റെ വർണ്ണങ്ങളും സൗന്ദര്യവും നിലവിളികളും കുട്ടികൾ തിരിച്ചറിയട്ടെ. ഒപ്പം ഇപ്പോഴും അവശേഷിക്കുന്ന ജീവിതത്തിന്റെ മനോഹാരിതകളെ അതിന്റെ മൂല്യത്തോടെ നെഞ്ചോട് ചേർത്ത് അവധിക്കാലം ആഘോഷമാക്കട്ടെ.

## അഭിമാനമായി ഡോ. അമൽ ആന്റണി



യൂറോപ്യൻ സൊസൈറ്റി ഓഫ് റേഡിയോളജി അന്തരാഷ്ട്ര തലത്തിൽ നടത്തിയ മത്സരത്തിൽ സ്വന്തമായി ഗവേഷണം നടത്തി പ്രബന്ധം അവതരിപ്പിച്ച് ലോകത്തിൽ രണ്ടാം സ്ഥാനം നേടിയ ഡോ. അമൽ ആന്റണിയെ വിയന്നയിൽ കൂടിയ യൂറോപ്യൻ കോൺഗ്രസ് ഓഫ് റേഡിയോളജി കോൺഫറൻസിൽ വെച്ച് ആദരിച്ചു. സ്കോളർഷിപ്പോടെ വിദേശത്ത് തുടർ പഠനത്തിന് അംഗീകാരവും ലഭിച്ചു. ഡോ അമൽ ആന്റണി മാളപള്ളിപ്പുറം ഇടവക ഇലഞ്ഞിക്കൽ ആന്റണിയുടെയും ഡാൻസിയുടെയും മകനാണ്.



*"പിതാവ് പ്രിയപുത്രനെന്നപോലെ, കർത്താവ് താൻ സ്നേഹിക്കുന്നവനെ ശാസിക്കുന്നു."*

സുഭാഷിതങ്ങൾ 3 : 12



# കത്തോലിക്കാസഭയെ അറിയാം, പഠിക്കാം



അനി ജോസഫ്, കൂട്ടുകാട്

**കമർലെംഗോ എന്നാൽ ആരാണ്?**

***'കമർലെംഗോ'*** എന്ന വാക്കിനർത്ഥം ***'പാപ്പയുടെ മുറിയുടെ അധിപൻ'*** എന്നാണ്. ഒരു പാപ്പ തന്റെ സ്ഥാനം രാജിവെച്ചൊഴിയുമ്പോഴോ മരണപെടുമ്പോഴോ പുതിയ പാപ്പയെ തിരഞ്ഞെടുക്കുന്നതുവരെ കത്തോലിക്കാ സഭയുടെ അധികാരി കമർലെംഗോ ആയിരിക്കും. നിലവിൽ കർദ്ദിനാൾ കെവിൻ ജോസഫ് ഫാരലിനെയാണ് ഫ്രാൻസിസ് പാപ്പ കമർലംഗോ പദവിയിൽ നിയമിച്ചിട്ടുള്ളത്. ഒരു പാപ്പയുടെ മരണം ആധികാരികമായി ലോകത്തോട് പ്രഖ്യാപിക്കുന്നത് കമർലംഗോയാണ്. കാലംചെയ്ത പാപ്പയുടെ നെറ്റിയിൽ വെള്ളികൊണ്ടുള്ള ചെറിയ ചുറ്റികകൊണ്ടു. മൂന്നു തവണ മുട്ടി ജ്ഞാനസ്നാനപ്പേരു വിളിക്കും. ഇതിന് പ്രത്യുത്തരം ലഭിച്ചില്ലെങ്കിൽ പാപ്പ കാലം ചെയ്തതായി കമർലെംഗോ പ്രഖ്യാപിക്കും അതിനു ശേഷം ***'മുക്കുവന്റെ മോതിരം'*** എന്നറിയപ്പെടുന്ന പാപ്പയുടെ മോതിരം കമർലെംഗോ ഉപയോഗശൂന്യമാക്കുന്നു. ദുഃഖാചരണത്തിന്റെ ഭാഗമായി ഒൻപത് ദിവസം പാപ്പയുടെ മാളികയും കമർലെംഗോയുടെ നേതൃത്വത്തിൽ സീൽ ചെയ്യുന്നു. ഇങ്ങനെ ഉള്ള സമയം ***'sede vacante'*** (*സിംഹാസനം ഒഴിഞ്ഞു കിടക്കുന്ന നേരം*) എന്ന് അറിയപ്പെടുന്നു. *sede vacante* സമയം മുതൽ സഭയുടെ താത്കാലിക ചുമതല കമർലെംഗോ ഏറ്റെടുക്കുന്നു. അന്ന് മുതൽ പുതിയ പാപ്പയെ തിരഞ്ഞെടുക്കുന്നത് വരെ കമർലെംഗോ വത്തിക്കാൻ സിറ്റിയുടെ ആക്റ്റിംഗ് പരമാധികാരിയാണ്. ***കാലം ചെയ്ത പാപ്പയുടെ മൃതസംസ്കാരശുശ്രൂഷയ്ക്കും പുതിയ പാപ്പയെ തിരഞ്ഞെടുക്കുന്ന കോൺക്ലേവ് എന്നിവയ്ക്കും കമർലെംഗോ സഹായിക്കുന്നു. കോൺക്ലേവിനായി സിസ്റ്റേൺ ചാപ്പൽ ഡോർ സീൽ ചെയുന്നത് കമർലെംഗോ ആണ്.***

**വിശുദ്ധരുടെ തിരുശേഷിപ്പുകൾ വണങ്ങുന്നത് എന്തിന്?**

കത്തോലിക്കാ സഭയുടെ വിശ്വാസ പാരമ്പര്യത്തിൽ വിശുദ്ധരുടെ മാധ്യസ്ഥം തേടുന്നതും അവരുടെ തിരുശേഷിപ്പുകൾ വണങ്ങുന്നതും വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ***രാജാക്കന്മാരുടെ രണ്ടാം പുസ്തകം പതിമൂന്നാം അധ്യായം ഇരുപത്തിമൂന്നാം വാക്യത്തിൽ ഒരു മൃതശരീരം സംസ്കരിക്കാൻ കൊണ്ടുപോകുമ്പോൾ എലിശാ പ്രവാചകനെ അടക്കം ചെയ്ത കല്ലറയിലേക്ക് ആ മൃതശരീരം വന്നു വീഴുകയും എലീശാ പ്രവാചകന്റെ അസ്ഥികളിൽ മൃതദേഹം സ്പർശിച്ചപ്പോൾ മരിച്ചയാൾ ജീവൻ പ്രാപിച്ച് എഴുന്നേറ്റു നിൽക്കുകയും ചെയ്തതായി വചനം സാക്ഷ്യപ്പെടുത്തുന്നു.*** ദൈവേഷ്ടപ്രകാരം ജീവിച്ച ഒരു പ്രവാചകന്റെ അസ്ഥികളിൽ ഒരു ശവശരീരം സ്പർശിച്ചപ്പോൾ ആ അസ്ഥികളിലൂടെ ദൈവകൃപ ഒഴുകി മരിച്ചയാൾ ജീവൻ പ്രാപിച്ചെങ്കിൽ ക്രിസ്തുവിനെ പ്രതി ജീവിക്കുകയും സ്വന്തം ജീവൻ പോലും നഷ്ടപ്പെടുത്തുകയും ചെയ്ത വിശുദ്ധരുടെ തിരുസ്വരൂപങ്ങളിലൂടെയും തിരുശേഷിപ്പുകളിലൂടെയും ദൈവം ധാരാളം അത്ഭുതങ്ങൾ പ്രവർത്തിക്കും....

***തിരുശേഷിപ്പ് വന്ദനം, വിശുദ്ധ സ്ഥലം തീർത്ഥാടനങ്ങൾ, പ്രദർശനങ്ങൾ, കുരിശിന്റെ വഴി, ജപമാല, മെഡലുകൾ, മതപരമായ നൃത്തങ്ങൾ മുതലായവ കൗദാശിക ജീവിതത്തോട നുബന്ധിച്ചുള്ള ഭക്ത കൃത്യങ്ങളാണെന്ന് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു (CCC 1674).*** അപ്പസ്തോല പ്രവർത്തനങ്ങളിൽ (5:15) പത്രോസിന്റെ നിഴൽ വീണപ്പോൾ രോഗികൾ സുഖപ്പെട്ടതായും അപ്പസ്തോലന്മാരുടെ കരസ്പർശമേറ്റ തൂവാലകളും അംഗവസ്ത്രങ്ങളും രോഗികളുടെ മേൽ മുട്ടിച്ചപ്പോൾ അവർ സൗഖ്യം പ്രാപിച്ചതായും വചനം പറയുന്നു. അങ്ങനെയെങ്കിൽ ക്രിസ്തുവിന്റെ വിശ്വസ്ത അനുയായികളായിരുന്ന വിശുദ്ധരുടെയും അവരുടെ തിരുശേഷിപ്പുകളിലൂടെയും ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കുക തന്നെ ചെയ്യും.

മോശയുടെ ഇരുകരങ്ങളും ദൈവസന്നിധിയിലേക്ക് ഉയർന്നപ്പോൾ ഇസ്രായേൽ ജനം യുദ്ധത്തിൽ വിജയം കൈവരിച്ചതുപോലെ വിശുദ്ധരുടെ മാധ്യസ്ഥത്തിലൂടെ നമ്മളും അനുഗ്രഹിക്കപ്പെടും. ആയതിനാൽ വിശുദ്ധരുടെ തിരുശേഷിപ്പുകൾ നമുക്ക് ആദരവോടെ വണങ്ങാം.

തിരുശേഷിപ്പുകളെ വണങ്ങുക എന്നത് സ്വാഭാവികമായ മാനുഷികാവശ്യമാണ്. വന്ദിക്കപ്പെടുന്ന വ്യക്തികളോടുള്ള ബഹുമാനവും ഭക്തിയും പ്രദർശിപ്പിക്കാനുള്ള മാർഗ്ഗവുമാണ്. ***ദൈവത്തിന് പൂർണ്ണമായി സ്വയം സമർപ്പിച്ച വ്യക്തികളിൽ ദൈവം നടത്തിയ പ്രവർത്തനത്തെ വിശ്വാസികൾ സ്തുതിക്കുമ്പോൾ തിരുശേഷിപ്പുകൾ ശരിയായ വിധം വണങ്ങപ്പെടുകയാണ് (You Cat).***


**2024 ഏപ്രിൽ 6**

**പൗരോഹിത്യ സ്വീകരണത്തിന്റെ പതിനൊന്നാം വാർഷികം ആഘോഷിക്കുന്ന**



**ഫാ. ക്ലിഫോഡ് ആന്റണി പുളിയാംകുളം, ഫാ. സിജോ വേലിക്കകത്തോട്ട്, ഫാ. വിൻ കുരിശിങ്കൽ, ഫാ. നോയൽ കുരിശിങ്കൽ, ഫാ. ഹെൽവസ്റ്റ് റൊസാരിയോ, ഫാ. ജോസ് മാളിയേക്കൽ, ഫാ. തോംസൺ കാവാലംകുഴി**

**ആശംസകളോടെ... കുടുംബാംഗങ്ങൾ**


ഗോതുരുത്ത്
വിശുദ്ധ
സെബസ്ത്യാനോസിന്റെ
ദൈവാലയത്തിൽ
2024
ഏപ്രിൽ
07
ഞായർ
ദൈവകരുണയുടെ
തിരുനാളും
ഊട്ടുസദ്യയും

അയൽക്കൂട്ടം

മത്തായി 16, 13 -20





# പ്രത്യാശയുടെ തീർത്ഥാടകർ

**ഫാ. ജാംലാൽ സെബാസ്റ്റ്യൻ കുര്യാപ്പിള്ളി**

രണ്ടായിരാമാണ്ടിലെ മഹാജൂബിലിക്കും, 2015-2016 ലെ കരുണയുടെ ജൂബിലിക്കുശേഷം ഇതാ മറ്റൊരു ജൂബിലി വർഷംകൂടെ കടന്നുവരുന്നു - 2025. എന്താണ് ജൂബിലി? ***പാപങ്ങൾ ക്ഷമിക്കപ്പെടുന്നതിനും, പാപങ്ങൾ വഴിയായുള്ള ശിക്ഷകളിൽ നിന്ന് മോചനം നേടുന്നതിനും അങ്ങനെ ദൈവകൃപയിൽ വളരുന്നതിനുമായി തിരുസ്സഭ പ്രത്യേകമായി ഒരുക്കുന്ന അവസരമാണ് ജൂബിലി. ഇതിനെ വിശുദ്ധവർഷം ("Holy Year") എന്നാണ് വിളിക്കുന്നത്.*** കാരണം, വിശുദ്ധിയുടെ ഉറവിടമായ ദൈവം നമ്മെ ഓരോരുത്തരെയും വിശുദ്ധരാക്കി പരിവർത്തനം ചെയ്യുന്ന വർഷമാണിത്.

ജൂബിലിയെക്കുറിച്ച് വളരെ വിശദമായി പ്രതിപാദിച്ചിരിക്കുന്ന വിശുദ്ധഗ്രന്ഥ ഭാഗം ലേവ്യരുടെ പുസ്തകം 25-ാം അധ്യായം ആണ്. വർഷങ്ങളുടെ ഏഴു സാബത്തുക്കളുടെ ദൈർഘ്യം ആയ നാല്പത്തൊമ്പതാമത്തെ വർഷത്തിന് ശേഷം വരുന്ന 50-ാം വർഷം ജൂബിലി ആയി ആചരിക്കണം എന്ന് ഇവിടെ പറഞ്ഞിരിക്കുന്നു. ***ദൈവവുമായും പരസ്പരവും സൃഷ്ട പ്രപഞ്ചവുമായും ഒക്കെയുള്ള ബന്ധം പുനക്രമീകരിക്കാനുള്ള സമയമായാണ് ജൂബിലിയെ ലേവ്യരുടെ പുസ്തകം കാണുന്നത്.*** അതുകൊണ്ടുതന്നെ, കടങ്ങൾ ഇളച്ചുകൊടുക്കുക. ഭൂമി അതിന്റെ യഥാർത്ഥ അവകാശിക്കുതിരിച്ചുകൊടുക്കുക, അടിമകളെ സ്വന്തം കുടുംബത്തിലേക്ക് തിരിച്ചയക്കുക തുടങ്ങിയ കാര്യങ്ങൾ ജൂബിലിയുടെ ഭാഗമായിരുന്നു. ഏശയ്യാ പ്രവാചകനെ ഉദ്ധരിച്ചുകൊണ്ട്, വി. ലൂക്കായുടെ സുവിശേഷത്തിൽ ഈശോയുടെ ദൗത്യത്തെ വിവരിക്കുന്നത് ഇപ്രകാരമാണ്: 'കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്. എന്തെന്നാൽ, ദരിദ്രരെ സദ്വാർത്ത അറിയിക്കാൻ അവൻ എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും പ്രഘോഷിക്കാനും അടിച്ചമർത്തപ്പെട്ടവരെ മോചനത്തിലേക്കു നയിക്കാനും കർത്താവിന്റെ പ്രസാദവത്സരം പ്രഘോഷിക്കാനും അവൻ എന്നെ അയച്ചിരിക്കുന്നു' (ലൂക്ക 4:18-19). ഈശോ പ്രഖ്യാപിക്കുന്ന ദൈവത്തിന് പ്രസാദകരമായ വത്സരമാണ് ജൂബിലി.

***കുമ്പസാരം എന്ന കൂദാശയിലൂടെ പാപമോചനവും, തിരുസഭ അനുശാസിക്കുന്ന ഭക്താഭ്യാസങ്ങളിലൂടെ ദണ്ഡവിമോചനവും നേടി ദൈവകൃപയിൽ നിറയാനുള്ള പ്രത്യേക അവസരമാണ് ഓരോ ജൂബിലി വർഷവും.*** ഓരോ നൂറാം വർഷവും വിശുദ്ധ വർഷമായി ആചരിക്കണമെന്ന ഉദ്ദേശ്യത്തോടെ 1300 ൽ ബോനിഫസ് എട്ടാമൻ പാപ്പാ തുടക്കമിട്ട ജൂബിലി, കാലങ്ങൾ കടന്നു പോയപ്പോൾ

"പിതാവിനെ വാക്കിലും പ്രവൃത്തിയിലുംബഹുമാനിച്ച്,
അവന്റെ അനുഗ്രഹത്തിന് പാത്രമാവുക." പ്രഭാഷകൻ 3 : 8

ഓരോ 50–ാം വർഷവും, പിന്നീട്, ഓരോ 25–ാം വർഷവും ആചരിക്കാൻ തുടങ്ങി. പാരമ്പര്യ മനുസരിച്ച്, അപ്പോസ്തലന്മാരായ വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും കല്ലറകൾ സ്ഥിതിചെയ്യുന്ന റോമായിലെ ബസിലിക്കകളിലേക്കു തീർത്ഥാടനം നടത്തി, ആ ബസിലിക്കകളിൽ ഉള്ള വിശുദ്ധ കവാട ങ്ങൾ (Holy Door) കടന്നു പ്രസ്തുത അപ്പോ സ്തോലന്മാരുടെ തിരുശേഷിപ്പുകൾ വണങ്ങുക എന്നത് ജൂബിലി ആചരണത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു. എന്നാൽ ഓരോ രൂപതയിലും അനുയോജ്യമായ ഇടങ്ങളിൽ വിശുദ്ധകവാടങ്ങൾ തുറക്കാൻ അനുവാദം കൊടുത്തുകൊണ്ട് ഫ്രാൻസിസ് പാപ്പാ കരുണയുടെ ജൂബിലി ആ ചരണം, ലോകത്ത് എവിടെയുമുള്ള ഏതു വി ശ്വാസിക്കും ദൈവാനുഗ്രഹങ്ങൾ നേടിയെ ടുക്കാനുള്ള അവസരമാക്കി മാറ്റി എന്നു ള്ളത് നാം ഓർക്കുന്നുണ്ടാകും.

***നമ്മുടെ കർത്താവിന്റെ സ്വർ ഗാരോഹണ തിരുന്നാൾ ദിന ത്തിൽ പരിശുദ്ധ പിതാവ് പ്ര സിദ്ധീകരിക്കുന്ന തിരുവെഴു ത്ത് (Papal Bula) വഴിയാണ് സാ ധാരണയായി ജൂബിലി പ്രഖ്യാ പിക്കാറുള്ളത്.*** ഈ പതിവനു സരിച്ച്, 2025 ലെ ജൂബിലി പ്രഖ്യാ പിച്ചുകൊണ്ടുള്ള പാപ്പായുടെ തിരു വെഴുത്ത് ഈ വരുന്ന മെയ് 9 ന് പുറത്തു വരും എന്ന് പ്രതീക്ഷിക്കുന്നു. അപ്പോൾ മാത്രമേ ജൂബിലി വർഷത്തിന്റെ ആരംഭദിനം, അവ സാനിക്കുന്ന ദിവസം, ജൂബിലി വർഷത്തിലെ മറ്റു പ്രത്യേകതകൾ എന്നിവ നമുക്ക് കൃത്യ മായി അറിയാൻ സാധിക്കൂ. എന്നിരുന്നാലും, ***2024 ഡിസംബർ 24 നു ആയിരിക്കും 2025 ജൂബിലി വർഷം ആരംഭിക്കുന്നത് എന്ന് വ ത്തിക്കാൻ കാര്യാലയം അറിയിക്കുന്നുണ്ട്.***

അതുമാത്രമല്ല, ജൂബിലിവർഷത്തിനു മുന്നേ യുള്ള രണ്ട് വർഷങ്ങൾ പ്രത്യേകമായി ആച രിക്കണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നേരത്തെ തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. 2023 ***‘സൂനഹദോസിന്റെ വർഷം’ (The Year of the Council)*** ആയിരുന്നു. രണ്ടാം വത്തി ക്കാൻ സുനഹദോസിന്റെ 60–ാം വാർഷിക ത്തോട് അനുബന്ധിച്ചു, ഈ സൂനഹദോസി ന്റെ പഠനങ്ങൾ ആഴത്തിൽ മനസ്സിലാക്കി സ ഭാജീവിതത്തിൽ പ്രാവർത്തികമാക്കുക എന്ന തായിരുന്നു ഈ വർഷാചരണത്തിന്റെ ലക്ഷ്യം. ***ജൂബിലി വർഷത്തിന് തൊട്ടു മുന്നേയുള്ള വർഷം 2024 പ്രത്യേകമായി ‘പ്രാർത്ഥനയുടെ വർഷ’മായി (Year of Prayer) ആചരിക്കാൻ ഫ്രാൻസിസ് പാപ്പാ ആവശ്യപ്പെടുന്നു.*** *കർത്താ വിന്റെ സാന്നിധ്യത്തിൽ ആയിരിക്കാനും അ വിടുത്തെ കേൾക്കാനും ആരാധിക്കാനുമുള്ള ആഗ്രഹം ഉജ്ജ്വലിപ്പിക്കുക എന്നതാണ് ഈ ആചരണത്തിന്റെ ലക്ഷ്യം.* ധാരാളമായി ചൊ രിയപ്പെടുന്ന ദൈവ കൃപ സ്വീകരിക്കുവാൻ ഹൃദയങ്ങൾ തുറക്കുവാനും, ഈശോ നമ്മെ പഠിപ്പിച്ച ‘സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ’ എന്ന പ്രാർത്ഥന ഓരോ ക്രിസ്തു ശിഷ്യന്റെയും ശിഷ്യയു ടെയും ജീവിതത്തിന്റെ കർമ്മ പരിപാടിയായി മാറ്റുവാനും പ്രാത്ഥനയുടെ വർഷാചര ണം സഹായിക്കട്ടെയെന്ന് ഫ്രാൻസിസ് പാപ്പ ആശി ക്കുന്നു. ഇതുമായി ബന്ധപ്പെ ട്ട് ***"Teach Us to Pray" (ഞങ്ങ ളെ പ്രാർത്ഥിക്കാൻ പഠിപ്പി ക്കണമേ)*** എന്ന ഒരു മാർഗരേ ഖ ജൂബിലി ആഘോഷവുമായി ബ ന്ധപ്പെട്ട വത്തിക്കാൻ കാര്യാലയം പ്രസിദ്ധീ കരിച്ചിട്ടുണ്ട്.

ഇക്കഴിഞ്ഞ വർഷങ്ങളിൽ നാം അനുഭവിച്ച മഹാമാരിയുടെയും ഇപ്പോൾ നടന്നുകൊണ്ടി രിക്കുന്ന യുദ്ധങ്ങളുടെയും പശ്ചാത്തലത്തിൽ മനുഷ്യകുലത്തെ മുഴുവൻ പിടികുടിയിരിക്കുന്ന ദുഃഖം, ഭയം, ആശയക്കുഴപ്പം, ദിശാബോധം ഇല്ലായ്മ തുടങ്ങിയവയെ അതിജീവിക്കാൻ ഈ ജൂബിലി ആചരണം സഹായിക്കും എന്ന ബോധ്യത്തോടെയാണ് ***“പ്രത്യാശയുടെ തീർ ത്ഥാടകർ”*** എന്ന ആപ്തവാക്യം തിരഞ്ഞെ ടുത്തതെന്ന് ഫ്രാൻസിസ് പാപ്പാ പറയുന്നു. നമുക്ക് നല്കപ്പെട്ടിരിക്കുന്ന പ്രത്യാശ എന്ന പുണ്യത്തെ ജ്വലിപ്പിക്കുകയും ഒരു പുതുശക്തി നേടിയെടുക്കാൻ മറ്റുള്ളവരെ സഹായിക്കുകയും

ചെയ്ത് ഭാവിയിലേക്ക് പ്രതീക്ഷയോടെ നോക്കാൻ ഈ ആചരണം സഹായിക്കണം എന്ന് പാപ്പാ ഉദ്ബോധിപ്പിക്കുന്നു.

ഇന്ന് നാം വായിച്ചുകേട്ടത്, കേസറിയാ–ഫിലിപ്പിയിൽ വച്ചുള്ള പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം ആണ്. ഉത്തരം നൽകാൻ ഏറ്റവും എളുപ്പമുള്ള ചോദ്യമായിരുന്നു ഈശോ ശിഷ്യരോട് ആദ്യം ചോദിച്ചത്: 'മനുഷ്യപുത്രൻ ആരെന്നാണ് ആളുകൾ പറയുന്നത്?'. എന്നാൽ ഈശോയ്ക്ക് അറിയേണ്ടത്, തന്റെ കൂടെ ഇത്രയുംനാൾ ചിലവഴിച്ച ശിഷ്യന്മാർക്ക് വ്യക്തിപരമായി എന്താണ് പറയാനുണ്ടായിരുന്നത് എന്നാണ്: 'ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?'. ഇന്ന് ഈ ചോദ്യത്തിന് ഉത്തരം നൽകേണ്ടത് നാം ഓരോരുത്തരും ആണ്. ക്രിസ്തു എനിക്ക് ആരാണ് എന്ന് വ്യക്തിപരമായി ചിന്തിക്കാനും ആ ബന്ധത്തിൽ വളരാനുമുള്ള അവസരമാണ് ജൂബിലിക്ക് ഒരുക്കമായുള്ള പ്രാർത്ഥനയുടെ വർഷം. വിശ്വാസ പ്രഖ്യാപനം നടത്തിയ പത്രോസിന് സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നൽകികൊണ്ട് കെട്ടാനും അഴിക്കാനുമുള്ള അധികാരം നൽകുന്നു. ***"ക്രിസ്തു തുറന്നിട്ട സ്വർഗരാജ്യത്തിന്റെ കാവലാൾ ആണ് പത്രോസ്" (പി.ഒ.സി. പഠന ബൈബിൾ - പുതിയനിയമം, പേജ് 59).*** പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ, ഈശോ നൽകിയ ഈ അധികാരം ഉപയോഗിച്ചാണ് പാപ്പാമാർ പാപങ്ങളിൽ നിന്നും പാപത്തിന്റെ ശിക്ഷകളിൽ നിന്നും മോചനം നൽകാൻ ജൂബിലി വർഷം പ്രഖ്യാപിക്കുന്നത്. തിരുസഭ നൽകുന്ന ഈ അവസരം ഉപയോഗിച്ച് ധാരാളം ആത്മീയവരങ്ങൾ നേടിയെടുക്കാൻ നമുക്ക് സാധിക്കട്ടെ.

**ചർച്ച :**

*ജൂബിലി വർഷത്തിന്റെ ഒരുക്ക നാളുകൾ സഭാ പ്രബോധനങ്ങളെ അറിയുന്നതിന് എപ്രകാരം വിനിയോഗിക്കാം?*

*എന്തെല്ലാം പ്രവർത്തനങ്ങൾ ജൂബിലി വർഷത്തിന്റെ ഒരുക്കനാളുകളിൽ ഏറ്റെടുക്കാം?*

**പ്രാവർത്തികമാക്കാൻ :**

1. **വത്തിക്കാൻ II മലയാളം പരിഭാഷ BCC കളിൽ എത്തിച്ച് പരിചയപ്പെടുത്തുക.**
2. **ഓരോ മാസവും തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ ഉൾപ്പെടുത്തി ക്വിസ്സ് ആരംഭിക്കുക.**

# ചരിത്രത്തിൽ ഡോക്ടറേറ്റ്



കോൺഗ്രിഗേഷൻ ഓഫ് ദി കാർമ്മലൈറ്റ് സിസ്റ്റേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അവർ ലേഡി ഓഫ് കാർമ്മൽ (O.Carm) സാന്ന്യാസിനീ സമൂഹത്തിലെ അംഗമായ റവ. സി. ഡോ. മേരി അന്റോണിയോ കോലാത്തറ കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ചരിത്രത്തിൽ ഡോക്ടറേറ്റ് നേടി. കൊച്ചിയുടെ നഗരവളർച്ച (1500-1663) : സാമൂഹിക- സാമ്പത്തിക പഠനം (URBAN GROWTH OF KOCHI (1500-1663) : SOCIOECONOMIC STUDY) എന്ന ഗവേഷണ പ്രബന്ധത്തിനാണ് ഡോക്ടറേറ്റ് ലഭിച്ചത്. പറവൂർ മരിയ തെരേസ സ്ക്രില്ലി കോൺവെന്റിന്റെ സുപ്പീരിയറും മരിയ തെരേസ സ്ക്രില്ലി പബ്ലിക് സ്കൂളിന്റെ മാനേജറുമായി ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ഡോ. മേരി അന്റോണിയോ 'ഫ്രൻസിസ് സേവ്യർ നവോത്ഥാന നായകൻ', 'കോട്ടപ്പുറം രൂപതയുടെ പൈതൃക വഴികൾ" എന്നീ ചരിത്ര പുസ്തകങ്ങളുടെ രചയിതാവ് കൂടിയാണ്. റവ. സി. ഡോ. മേരി അന്റോണിയോ കോട്ടപ്പുറം രൂപത മുൻ കെ.സി.വൈ.എം അനിമേറ്ററും സി.എൽ.സി മോഡറേറ്ററുമായിരുന്നു.



*"പിതാവിനെ ബഹുമാനിക്കുന്നവൻ തന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യുന്നു."*
പ്രഭാഷകൻ 3 : 3

ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരേ,
പ്രിയമുള്ള മതാധ്യാപകരെ...

എല്ലാ വർഷവും മണലിക്കാടുള്ള നമ്മുടെ രൂപതയുടെ മൈനർ സെമിനാരിയിൽ വച്ച് ദൈവവിളി ക്യാമ്പ് നടക്കാറുണ്ട്.

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് **ഏപ്രിൽ 3, 4, 5 തീയതികളിൽ** മണലിക്കാട് സെമിനാരിയിൽ വെച്ച് നടത്തപ്പെടുകയാണ്.

നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും പത്താം ക്ലാസ്, പ്ലസ് ടു, ഡിഗ്രി പരീക്ഷകൾ കഴിഞ്ഞിരിക്കുന്ന ആൺകുട്ടികളെയാണ് ഈ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. പൗരോഹിത്യ സന്യസ്ത ദൈവവിളികൾ ഏറ്റവും വെല്ലുവിളികൾ ഏറ്റുവാങ്ങുന്ന ഈ സമയങ്ങളിൽ നമ്മുടെ മക്കളെ ശുശ്രൂഷയിലേക്ക് അയക്കണമെന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഒപ്പം തന്നെ ഒരുക്കവും തീക്ഷ്ണതയും ഉള്ള നല്ല ദൈവവിളികൾ പ്രോത്സാഹിപ്പിക്കാൻ ഓരോ ഇടവകയിലും നിങ്ങളുടെ പ്രോത്സാഹനവും സഹകരണവും പ്രതീക്ഷിക്കുന്നു.

പൗരോഹിത്യത്തെയും സന്യാസത്തെയും പറ്റി മാത്രമല്ല കുടുംബജീവിതത്തിലേക്കും വ്യക്തിത്വവികാസത്തിലേക്കും ഒക്കെ നയിക്കുന്ന ക്ലാസുകളാണ് ക്യാമ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

നമ്മുടെ മക്കളുടെ ഭാവി ജീവിതത്തെ കുറച്ചുകൂടെ മനോഹരമാക്കാൻ സഹായിക്കുന്ന ഈ ദിവസങ്ങളിലെ ക്യാമ്പിലേക്ക് ഉചിതമെന്ന് കരുതുന്ന എല്ലാവരെയും പറഞ്ഞു വിടാൻ പരിശ്രമിക്കുമല്ലോ...

സ്നേഹപൂർവ്വം,
**Rev. Fr. Thomas Kolarikal** (Rector)
**Rev. Fr. Benny Chiramel SJ** (Vice Rector)
**Rev. Fr. Noel Kurisinkal** (Diocesan Vocation Promoter)



# FOLLOW ME
## ദൈവവിളി ക്യാമ്പ്-2024

**2024 ഏപ്രിൽ 03 ബുധൻ വൈകീട്ട് 4.00 മുതൽ**
**ഏപ്രിൽ 05 വെള്ളി രാവിലെ 10.00 വരെ**

**മണലിക്കാട് സെന്റ് ഫ്രാൻസിസ് അസ്സീസി**
**മൈനർ സെമിനാരിയിൽ**

---

**2024 ഏപ്രിൽ 02**



# പൗരോഹിത്യ സ്വീകരണത്തിന്റെ
# എട്ടാം വാർഷികം ആഘോഷിക്കുന്ന

**ഫാ. മിഥുൻ മെന്റസ് വലിയാറ,**
**ഫാ. സിബിൻ ഫ്രാൻസിസ് കല്ലറക്കൽ**
**ഫാ. ടോണി കൈതത്തറ, ഫാ. ജോജോ പയ്യപ്പിള്ളി**

**ആശംസകളോടെ...**
**കുടുംബാംഗങ്ങൾ**

# രൂപതയുടെ വളർച്ചക്ക് സമഗ്രമായ കർമ്മപദ്ധതി ആവിഷ്ക്കരിക്കും : ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

കോട്ടപ്പുറം : കോട്ടപ്പുറം രൂപതയുടെ 2027 ൽ നടക്കുന്ന റൂബി ജൂബിലിയോടനുബന്ധിച്ചും 2033 ലെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചും സമഗ്രമായ കർമ്മപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമെന്ന് കോട്ടപ്പുറം ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ. കുടുംബങ്ങൾക്കും വൈദീകർക്കും സന്യസ്തർക്കും വേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കുമെന്നും അദ്ദേഹം പറഞ്ഞു. കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിൽ രൂപത പാസ്റ്ററൽ കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഫാ. ജോസഫ് മാളിയേക്കൽ, ജോയിന്റ് സെക്രട്ടറി ജെസി ജെയിംസ്, CSS രൂപത പ്രസിഡന്റ് ജിസ്മോൻ ഫ്രാൻസിസ്, KLCWA രൂപത പ്രസിഡന്റ് റാണി പ്രദീപ് എന്നിവർ പ്രസംഗിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപങ്കാളിത്തം സംബന്ധിച്ച് പ്ലാസിഡ് ഗ്രിഗറി ക്ലാസ് നയിച്ചു. ചർച്ചകളും നടന്നു. വികാരി ജനറൽ മോൺ. റോക്കി റോബി കളത്തിൽ, എപ്പിസ്കോപ്പൽ വികാരി മോൺ. സെബാസ്റ്റ്യൻ ജക്കോബി OSJ, ചാൻസലർ ഫാ. ഷാബു കുന്നത്തൂർ എന്നിവരോടൊപ്പം 102 പ്രതിനിധികളും പങ്കെടുത്തു.



# ബിഷപ്പ് അലക്സ് വടക്കുംതലയ്ക്ക് യാത്രയയപ്പു നൽകി കോട്ടപ്പുറം രൂപത



കോട്ടപ്പുറം രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായിരുന്ന ബിഷപ്പ് ഡോ. അലക്സ് വടക്കുംതലക്ക് കൃതജ്ഞതയർപ്പിച്ചുകൊണ്ട് കോട്ടപ്പുറം വികാസ് -ആൽബർട്ടൈൻ ആനിമേഷൻ സെന്ററിൽ 2024 മാർച്ച് 20 ന് കോട്ടപ്പുറം രൂപത സമ്മേളനം സംഘടിപ്പിച്ചു. കോട്ടപ്പുറം രൂപത എമിരിറ്റസ് ഡോ. ജോസഫ് കാരിക്കശ്ശേരി സമ്മേളനം ഉദ്ഘാടനം ചെയ്തു. ബിഷപ്പ് ഡോ. അലക്സ് വടക്കുംതല കോട്ടപ്പുറം രൂപതയുടെ വികസനം സ്വപ്നം കണ്ട് പ്രവർത്തിച്ച വ്യക്തിയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കോട്ടപ്പുറം ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ അധ്യക്ഷനായിരുന്നു. വികാർ ജനറൽ മോൺസിഞ്ഞോർ റോക്കി റോബി കളത്തിൽ, ചാൻസലർ ഫാ.ഷാബു കുന്നത്തൂർ, എപ്പിസ്കോപ്പൽ വികാരി മോൺസിഞ്ഞോർ സെബാസ്റ്റ്യൻ ജെക്കോബി ഒഎസ്ജെ, വൈദീക പ്രതിനിധി ഫാ. തോമസ് കോളരിക്കൽ, സന്യസ്ത പ്രതിനിധി സിസ്റ്റർ മേരി കാതറിൻ ഒപി, അല്മായ പ്രതിനിധി അനിൽ കുന്നത്തൂർ തുടങ്ങിയവർ പ്രസംഗിച്ചു. ബിഷപ്പ് ഡോ. അലക്സ് വടക്കുംതല മറുപടി പ്രസംഗം നടത്തി. കോട്ടപ്പുറം രൂപതയുടെ ഉപഹാരം ബിഷപ്പ് ഡോ വടക്കുംതലക്ക് കോട്ടപ്പുറം ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ കൈമാറി. രൂപത പാസ്റ്ററൽ കൗൺസിൽ അംഗങ്ങളടക്കം നിരവധി വൈദികരും സന്യസ്തരും അല്മായ പതിനിധികളും പങ്കെടുത്തു.




## കോട്ടപ്പുറം രൂപതയിൽ ദമ്പതികൾക്കായി സാൻജോ മീറ്റ് 2024 ഉദ്ഘാടനം ചെയ്തു.


വിവാഹം കഴിഞ്ഞ് 10 വർഷം വരെ പൂർത്തിയാക്കിയ ദമ്പതികൾക്കായി ഒരു ഏകദിന പരിശീലന ക്യാമ്പ് ആയ സാൻജോ മീറ്റ് 2024 കോട്ടപ്പുറം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു. വിവാഹ ജീവിതത്തിലെ തകർച്ചകൾ കൂടിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിവാഹത്തിന് ശേഷമുള്ള കൂടിവരവ് കുടുംബങ്ങളുടെ കെട്ടുറപ്പ് സാധ്യമാക്കുമെന്ന് അഭിവന്ദ്യ അംബ്രോസ് പിതാവ് പറഞ്ഞു. കോഴിക്കോട് ഡിസ്ട്രിക്ട് ആൻഡ് സെക്ഷൻ ജഡ്ജി ശ്രീ. മോഹൻ ജോർജ് വിശിഷ്ട അതിഥിയായിരുന്നു. കെ. ആർ. എൽ. സി. ബി. സി. ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഏ. ആർ. ജോൺ ആശംസകൾ നേർന്നു സംസാരിച്ചു. കോട്ടപ്പുറം രൂപത ഫാമിലി കമ്മീഷൻ ഡയറക്ടർ ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരിയും ശ്രീ. പോൾ & ശ്രീമതി ഷിക്ക ജോസഫ് എന്നിവർ ചേർന്ന് നന്ദി അർപ്പിച്ചു. വിവാഹ ജീവിതത്തിലെ മാനസിക പൊരുത്തവും മാതാപിതാക്കളുടെ കടമയും എന്ന വിഷയത്തെക്കുറിച്ച് തിരുവനന്തപുരം മരിയൻ എൻജിനീയറിങ് മാനേജർ റവ. ഫാ. ഏ. ആർ. ജോൺ, കുടുംബ പ്രാർത്ഥന എന്ന വിഷയത്തെക്കുറിച്ച് ആലുവ സ്വദേശി ബ്ര. ബേബിച്ചൻ, ജീവന്റെ മൂല്യത്തെക്കുറിച്ച് സീനിയർ ഗൈനക്കോളജിസ്റ്റ് ഡോ. ഫിന്റോ ഫ്രാൻസിസ്, കുടുംബത്തിലെ മാധ്യമങ്ങളുടെ സ്വാധീനവും കുടുംബ ബഡ്ജറ്റും എന്ന വിഷയത്തെക്കുറിച്ച് സി. ഡബ്ല്യു. സി. മെമ്പർ അഡ്വ. വിൻസന്റ് ജോസഫ് എന്നിവർ ക്ലാസ് നയിച്ചു. സമാപന സമ്മേളനത്തിൽ കോട്ടപ്പുറം രൂപത വികാർ ജനറൽ മോൺ. റോക്കി റോബി കളത്തിൽ സന്ദേശം നൽകി. കോട്ടപ്പുറം രൂപത ചാൻസിലർ വെരി. റവ. ഫാ. ഷാബു കുന്നത്തൂർ പരി. കുർബാനയിൽ മുഖ്യകാർമ്മികനായിരുന്നു. കോട്ടപ്പുറം രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള ദമ്പതികൾ പങ്കെടുത്തു.

# അന്താരാഷ്ട്ര വനിതാദിനാഘോഷം



കോട്ടപ്പുറം കിഡ്സിന്റെ ആഭിമുഖ്യത്തിൽ 2024 മാർച്ച് 9 ശനിയാഴ്ച രാവിലെ 9.30ന് വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിൽ ലോക വനിതാദിനാചരണം സംഘടിപ്പിച്ചു. വനിതാദിനാഘോഷം പരിപാടിയുടെ ഉദ്ഘാടനം സിനിമ & സീരിയൽ താരം ശ്രീമതി നിഷ സാരംഗ് നിർവ്വഹിച്ചു. കോട്ടപ്പുറം രൂപത ബിഷപ്പ് റൈറ്റ്. റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ കിഡ്സ് ഡയറക്ടർ റവ.ഫാ. പോൾ തോമസ് കളത്തിൽ സ്വാഗതം ആശംസിച്ചു. മുൻസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി ടി.കെ. ഗീത മുഖ്യപ്രഭാഷണം നടത്തി. കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ സംരംഭം ചെയ്യുന്ന സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ ഒന്നരകോടി രൂപ ലോൺ വിതരണത്തിന്റെ ഉദ്ഘാടനം കെ.എസ്.ബി.സി.ഡി.സി ജനറൽ മാനേജർ ശ്രീ. ജിതിൻ നിർവ്വഹിച്ചു. ഫെഡറൽ ബാങ്കിന്റെ സഹായത്തോടെ ഒരു കോടി രൂപയുടെ വായ്പാവിതരണം ഫെഡറൽ ബാങ്ക് ബ്രാഞ്ച് മാനേജർ ശ്രീമതി വാഹീദ ബീഗം നിർവ്വഹിച്ചു. 50% വിലയിൽ എസ്.എച്ച്.ജി സ്ത്രീകൾക്ക് വേണ്ടി ടൂവീലർ, തയ്യൽ മെഷീൻ, ലാപ്ടോപ്പ്, മൈക്രോ അപ്പാരൽ ക്ലസ്റ്റർ ജൈവഗ്രാമപദ്ധതി എന്നിവയുടെ ഉദ്ഘാടനം നാഷ്ണൽ എൻ.ജി.ഓ. കോൺഫിഡറേഷൻ കോ-ഓഡിനേറ്റർ ശ്രീ. അനന്തുകൃഷ്ണൻ നിർവ്വഹിച്ചു. കിഡ്സ് അസി. ഡയറക്ടർമാരായ റവ. ഫാ. ബിയോൺ തോമസ് കോണത്ത്, റവ. ഫാ. എബ്നേസർ ആൻറണി കാട്ടിപ്പറമ്പിൽ, കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി കൗൺസിലർമാരായ ശ്രീമതി എൽസി പോൾ, ശ്രീ. വി.എം. ജോണി, എൽ.ഐ.സി. ഓഫ് ഇന്ത്യ ബ്രാഞ്ച് മാനേജർ ശ്രീ. ഉണ്ണികൃഷ്ണൻ വി.വി., നബാഡ്, തൃശ്ശൂർ ഡിഡിഎം ശ്രീ. സെബിൻ ആൻറണി, തന്മയ കോ-ഓഡിനേറ്റർ ശ്രീമതി ജെസി ഡെന്നി, കിഡ്സ് ആനിമേറ്റർ ശ്രീമതി ലൈല സേവ്യർ, കെ.എൽ.സി.ഡബ്ളിയു.എ. പ്രസിഡൻറ് ശ്രീമതി റാണി പ്രദീപ്, സ്റ്റെല്ലമാരീസ് കോളേജ് അസി. പ്രൊഫസർ ശ്രീമതി പ്രീതി ഫ്രാൻസിസ്, കിഡ്സ് ഐ.ടി.ഐ, ടീച്ചർ ശ്രീമതി. ബ്രിജീന എം.എസ്, കിഡ്സ് കരകൗശല വിഭാഗം ട്രെയ്നർ ശ്രീമതി സുനിത, ശ്രീമതി റീത്താ റാഫീ എന്നിവർ സന്നിഹിതരായിരുന്നു.

## ഡോ. അനു മേരിസ് ബെന്നി



തിരുത്തിപ്പുറം ജപമാല രാജ്ഞി ഇടവകയിൽ പയ്യപ്പിള്ളി ബെന്നി, മേരി ദമ്പതികളുടെ മകൾ ഡോ. അനു മേരിസ് ബെന്നി റഷ്യയിലെ Tam Bove Medical University യിൽ നിന്ന് മെഡിക്കൽ ബിരുദവും, ഇന്ത്യയിലെ FMGE ( Foreign Medical Graduation) ഉം കരസ്ഥമാക്കി. ഡോ. അനു മേരിസ് ബെന്നിക്ക് ഇടവക സമൂഹത്തിന്റെ അഭിനന്ദനങ്ങൾ.



## പഠനോത്സവം നടത്തി

പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂളിൽ പഠനോത്സവം 2024 വിവിധ പരിപാടികളോടെ വിപുലമായി നടത്തി. ഈ അധ്യയന വർഷത്തിൽ വിദ്യാർത്ഥികൾ ആർജിച്ചെടുത്ത അറിവുകളും കഴിവുകളും വിവിധ കലാരൂപങ്ങളിലൂടെയും ഉൽപ്പന്നങ്ങളിലൂടെയും മാതാപിതാക്കളുടെയും കുട്ടികളുടെയും മുമ്പിൽ അവതരിപ്പിക്കുന്ന പഠനോത്സവത്തിന്റെ ഉദ്ഘാടനം പള്ളിപ്പുറം പഞ്ചായത്ത് അംഗം അലക്സാണ്ടർ റാൽസൻ നിർവ്വഹിച്ചു. പി.ടി.എ കമ്മിറ്റി അംഗം ഡോൺ സാവിയോ അദ്ധ്യക്ഷത വഹിച്ചു. പ്രധാന അധ്യാപകൻ സേവ്യർ പുതുശ്ശേരി, ടി.എസ്. നവനീത്, സീന ജോസഫ്, ആൻസോജി, വിനീത പീറ്റർ എന്നിവർ സംസാരിച്ചു. ശാസ്ത്രോപകരണങ്ങളുടെയും, മറ്റു പരീക്ഷണ പ്രവർത്തനങ്ങളുടെയും പ്രദർശനം എല്ലാവരുടെയും ശ്രദ്ധ ആകർഷിച്ചു.

## ചെറുധാന്യ കൃഷി വിളവെടുപ്പ് നടത്തി.

പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂളിൽ വിജയകരമായി നടപ്പിലാക്കിയ ചെറുധാന്യ കൃഷിയുടെ വിളവെടുപ്പ് നടത്തി. ഈ വർഷം ചെറുധാന്യങ്ങളുടെ വർഷമായി സർക്കാർ തലങ്ങൾ ആചരിക്കുന്നതിന്റെ ഭാഗമായിട്ടാണ് വിദ്യാലയത്തിൽ റാഗി കൃഷി നടത്തിയത്. പുതുതലമുറയിലെ വിദ്യാർത്ഥികൾക്ക് തീർത്തും അന്യമായ റാഗി കൃഷിയുടെ കൃഷിരീതിയും പരിപാലനവും വിളവെടുപ്പും അവരെ പരിചയപ്പെടുത്തുക എന്ന ലക്ഷ്യവും ഈ ഉദ്യമത്തിന് പിന്നിൽ ഉണ്ടായിരുന്നുവെന്ന് പ്രധാന അധ്യാപകൻ സേവ്യർ പുതുശ്ശേരി പറഞ്ഞു. വിളവെടുപ്പിന്റെ ഉൽഘാടനം കോട്ടപ്പുറം രൂപത കോർപ്പറേറ്റ് എഡ്യുക്കേഷനൽ ഏജൻസി ജനറൽ മാനേജർ റവ.ഫാ. ഷിജു കല്ലറക്കൽ നിർവഹിച്ചു. പള്ളിപ്പുറം കൃഷിഭവൻ കൃഷി അസിസ്റ്റൻഡ് വി.വി. അജീഷ് പദ്ധതി വിശദീകരണം നടത്തി. ഈ വർഷം കരനെൽകൃഷിയും, പുഷ്പ കൃഷിയും, പച്ചക്കറി കൃഷിയും ചെറുധാന്യ കൃഷിയുമെല്ലാം ഭംഗിയായി നടത്തിയ സെന്റ് മേരീസ് ഹൈസ്ക്കൂളിന്റെ കാർഷിക പ്രവർത്തനങ്ങൾ ഏറെ മികച്ചതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രധാന അധ്യാപകൻ സേവ്യർ പുതുശേരി, ടി.എസ്. നവനീത്, മിനി. സി.എ, ഫസീല പി.എ. എന്നിവർ സംസാരിച്ചു. കോഡിനേറ്റർമാരായ ട്രീസ സിജി, മേരി ഹസീന, നിമ്മി ജോയ്, വിനീത പീറ്റർ, അസ്ഹന, അനീറ്റ ഷീഡ മെന്റസ് എന്നിവർ നേതൃത്വം നൽകി.



# ഡോൺ ബോസ്കോ സ്കൂൾ ഓഫ് നഴ്സിങ്ങിൽ ഗ്രാജുവേഷനും ലാംബ് ലൈറ്റിംഗും




ഡോൺ ബോസ്കോ സ്കൂൾ ഓഫ് നഴ്സിംഗിൽ 12-ാമത് ബാച്ചിന്റെ ഗ്രാജുവേഷനും 25-ാമത് ബാച്ചിന്റെ ലാംബ് ലൈറ്റിംഗും നടന്നു. ഡോൺ ബോസ്കോ ചാരിറ്റബിൾ ട്രസ്റ്റിന്റെ ചെയർമാനും കോട്ടപ്പുറം രൂപതയുടെ മെത്രാനുമായ അഭിവന്ദ്യ ഡോ.അംബ്രോസ് പുത്തൻവീട്ടിൽ പിതാവ് അദ്ധ്യക്ഷനയിരുന്നു. അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് ജഡ്ജ് ശ്രീ. മുജീബ് റഹിമാൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. നീതൂസ് അക്കാദമി മാനേജിംഗ് ഡയറക്ടർ ശ്രീമതി നീതു ബോബൻ മുഖ്യപ്രഭാഷണം നൽകി. ഡയറക്ടർ ഫാ.ക്ലോഡിൻ ബിവേര സദസ്സിനെ സ്വാഗതം ചെയ്തു. പുതിയ ബാച്ചിലേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാൾ സിസ്റ്റർ പ്രിയ ജോൺ ദീപം തെളിയിച്ച് നൽകി. നഴ്സിംഗ് സൂപ്രണ്ട് സിസ്റ്റർ ട്രീസ മാത്യു നഴ്സുമാർക്കായുള്ള പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഷിബിൻ കൂളിയത്ത് സമ്മാനദാനം നിർവ്വഹിച്ചു.

# കെ.എൽ.സി.എ കോട്ടപ്പുറം രൂപതയുടെ യോഗം സംഘടിപ്പിച്ചു

സമകാലിക സമൂഹത്തിൽ അവകാശങ്ങൾ നേടിയെടുക്കുന്നതിന് രാഷ്ട്രീയ സമ്മർദ്ദ ശക്തിയായി പ്രവർത്തിക്കാൻ കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ നേതാക്കളോട് ആഹ്വാനം ചെയ്ത് ബിഷപ്പ് അംബ്രോസ് പുത്തൻവീട്ടിൽ. ജസ്റ്റിസ് ജെബി കോശി കമ്മീഷൻ ശുപാർശകർ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് സംഘടിപ്പിക്കുന്ന ആയിരം പ്രചാരണ യോഗങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം കോട്ടപ്പുറം വികാസിൽ നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രശ്നാധിഷ്ഠിതമായ നിലപാട് കൈക്കൊള്ളുന്നതിന്റെ ഭാഗമായി എല്ലാ യൂണിറ്റുകളിലും സമുദായം നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യും എന്ന് മുഖ്യപ്രഭാഷണം നടത്തിയ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ് പറഞ്ഞു. പ്രശ്നങ്ങളോട് അധികാര കേന്ദ്രങ്ങളും മുന്നണികളും കൈക്കൊള്ളുന്ന നിലപാടുകളുടെ അടിസ്ഥാനത്തിൽ തുടർചർച്ചകൾ ഉണ്ടാകും. ജെബി കോശി കമ്മീഷൻ റിപ്പോർട്ട് പുറത്തുവിടാൻ സർക്കാർ തയ്യാറാകണം. അനിൽ കുന്നത്തൂർ അധ്യക്ഷത വഹിച്ചു. ബിജു ജോസി, മോൺ. റോക്കി റോബി കളത്തിൽ, ജോൺസൺ മങ്കുഴി, സേവ്യർ പടിയിൽ, ഷൈജ ആന്റണി, ഇ.ഡി ഫ്രാൻസീസ്, അലക്സ് താളുപ്പാടത്ത്, ജോൺസൻ വാളൂർ മുതലായവർ പ്രസംഗിച്ചു.





"മകനേ, സൗമ്യതയോടുകൂടെ കർത്തവ്യങ്ങളനുഷ്ഠിക്കുക; ദൈവത്തിന് അഭിമതരായവർ നിന്നെ സ്നേഹിക്കും." പ്രഭാഷകൻ 3 : 17

# Via Sacra
## വിശുദ്ധ കുരിശിന്റെ വഴി



കോട്ടപ്പുറം രൂപത കെസിവൈഎം ന്റെ ആഭിമുഖ്യത്തിൽ മണലിക്കാട് നിത്യസഹായ മാതാ ദേവാലയ ത്തിൽ നിന്ന് ആരംഭിച്ച് മാനാഞ്ചേരി കുന്ന് സെന്റ് പോൾസ് ദേവാലയത്തി ലേക്ക് കാൽനട തീർത്ഥയാത്ര നടന്നു. നിരവധി യുവജനങ്ങളും ഇടവക വിശ്വാസികളും പങ്കെടുത്തു. മണലി ക്കാട് നിത്യസഹായമാത ദേവാല യത്തിലെയും മാനാഞ്ചേരിക്കുന്ന് സെന്റ് പോൾസ് ദേവാലയത്തിലെയും വികാരിമാരായ റവ. ഫാ. ക്രിസ്റ്റി മരത്തോന്ത്ര, റവ. ഫാ. ഷാജു കുരിശിങ്കൽ എന്നിവരുടെയും കെസിവൈഎം യുവജനങ്ങളുടെയും സഹകര ണത്തോടെ രൂപതാ ഡയറക്ടർ റവ. ഫാ. നോയൽ കുരിശിങ്കലിന്റെ നേതൃത്വത്തിൽ ഭക്തി നിർഭരമായി എല്ലാവരും വി. കുരിശിന്റെ വഴി പ്രാർത്ഥനയിൽ പങ്കുചേർന്നു.




## യുവജന സംഗമം


കോട്ടപ്പുറം രൂപത യൂത്ത് മിനിസ്ട്രി ഡയറ ക്ടർ റവ. ഫാ. നോയൽ കുരിശിങ്കലിന്റെ നേതൃത്വത്തിൽ കെടാമംഗലം സെന്റ് ജോൺ മേരി വിയാനി ചർച്ച്, അഴീക്കോട് സെന്റ് തോമസ് ചർച്ച്, കടക്കര ഇൻഫന്റ് ജീസസ് ചർച്ച് എന്നി ഇടവകകളിൽ വച്ച് യഥാക്രമം ഓരോ ഞായറാഴ്ചകളിലും യുവജന സംഗമം നടന്നു. എല്ലാ ഇടങ്ങളിലും വലിയ സഹ കരണം ഉണ്ടായിരുന്നു. ഇടവകയുടെ പ്രവർ ത്തനങ്ങളിൽ തങ്ങളുടെ പങ്ക് യുവജനങ്ങൾ ഉറപ്പു നൽകി. ഓരോ ഇടവകകളിലും KCYM, Jesus Youth, CLC രൂപത ഭാരവാഹികളും പങ്കെടുത്തു

## ഫാമിലി അപ്പസ്തോലേറ്റിന്റെ ഏപ്രിൽ മാസത്തെ പരിപാടികൾ

**12,13,14 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്**

**14-ാം തീയതി** വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള **സെമിനാർ** ( 2pm - 4 pm)


Happy Birthday
2024 ഏപ്രിൽ 10
ജന്മദിനം ആഘോഷിക്കുന്ന
ഗിൽബർട്ട് തച്ചേരി അച്ചന്
ജന്മദിനാശംസകളോടെ...
Batchmates


2024 ഏപ്രിൽ 27
ജന്മദിനം ആഘോഷിക്കുന്ന
ആന്റസ് പുത്തൻവീട്ടിൽ അച്ചന്
ജന്മദിനാശംസകളോടെ...
Batchmates


2024 ഏപ്രിൽ 29
ജന്മദിനം ആഘോഷിക്കുന്ന
പ്രിൻസ് പടമാട്ടുമ്മൽ അച്ചന്
ജന്മദിനാശംസകളോടെ...
ഫാ. ബിജു പാലപ്പറമ്പിൽ &
ഫാ. ജോൺസൺ പങ്കേത്ത്

# മതബോധന അറിയിപ്പുകൾ

## Scholarship Exam

**പരീക്ഷ തിയ്യതി**

| | | |
|---|---|---|
| ക്ലാസ്സ് 4 മുതൽ 12 വരെ | : | 2024 ഏപ്രിൽ 07 ഞായർ |
| Reporting time | : | 1.30 pm |
| പരീക്ഷാ സമയം | : | 2.00 pm - 4.00 pm |
| സ്ഥലം | : | St. Anne's H.S Kottapuram |

## HM & Secretary Meet


2024 ഏപ്രിൽ മാസം 07-ാം തിയ്യതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2.00 ന് വികാസ് മിനിഹാളിൽ വച്ച് നടത്തപ്പെടുന്നു. Registration - 1.30 pm. പ്രസ്തുത യോഗത്തിൽ യൂണിറ്റ് പ്രധാന അദ്ധ്യാപകരും സെക്രട്ടറിമാരും പങ്കെടുക്കേണ്ടതാണ്.

## Vacation Faith Festival - V.F.F

### അവധിക്കാല വിശ്വാസമഹോത്സവം

KRLCBC Commission for Catechetics ന്റെ നേതൃത്വത്തിൽ കേരളത്തിലെ രൂപതകളിലെ എല്ലാ മതബോധന യൂണിറ്റുകളിലെയും മതബോധന വിദ്യാർത്ഥികൾക്കു വേണ്ടി (Std 1 to 4 & 5 to 12) ഈ അവധിക്കാലത്ത് കളികളിലൂടെയും, മറ്റു പ്രവർത്തനങ്ങളിലൂടെയും 5 ദിവസത്തെ കർമ്മപരിപാടി ഒരു മഹോത്സവം പോലെ ആഘോഷിക്കുവാൻ ആഹ്വാനം ചെയ്തിരിക്കുകയാണ്. Vacation Faith Festival - V.F.F എന്നായിരിക്കും ഇതിന്റെ ഔദ്യോഗിക നാമം. ഇതിന് നേതൃത്വം നൽകേണ്ടത് യൂണിറ്റുകളിലെ മതബോധന അദ്ധ്യാപകരും പി.ടി.എയും ആയിരിക്കണം.

ഈ programme എപ്രകാരമാണ് ഓരോ യൂണിറ്റിലും നടത്തേണ്ടത് എന്നും, KRLCBC ഇതിനായി പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന materials പരിചയപ്പെടുത്തുവാനും, മറ്റു നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഒരു Training Camp സംഘടിപ്പിക്കുകയാണ്. ഓരോ യൂണിറ്റിൽ നിന്നും പ്രത്യേകമായി നിങ്ങൾ തിരഞ്ഞെടുത്ത് അയക്കുന്ന അദ്ധ്യാപകർക്കും or മറ്റു വ്യക്തികൾക്കും ഈ training നൽകുന്നതാണ്. ഇവർക്കുള്ള Training **ഏപ്രിൽ 14, ഞായർ രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 3 മണിവരെ വികാസ് ആൽബർട്ടൈൻ അനിമേഷൻ സെന്ററിൽ വച്ച്** വി. കുർബാനയോടുകൂടെ നടത്തപ്പെടുന്നു.



# ബൈബിൾ പകർത്തിയെഴുത്ത്

KCBC ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും കോട്ടപ്പുറം രൂപത ബൈബിൾ അപ്പോസ്തലേറ്റിന്റെയും നേതൃത്വത്തിൽ ബൈബിളിലെ പുതിയനിയമം പകർത്തിയെഴുതുവാനുള്ള അവസരമൊരുക്കുന്നു. മൂന്ന് വിഭാഗങ്ങളിൽ ഇത് സംഘടിക്കാം. 1) വ്യക്തിഗതം. 2) കുടുംബം. 3) സ്ഥാപനം (സംഘടനകൾ/ഇടവക/കോൺവെന്റ്/സെമിനാരികൾ/കൂട്ടായ്മകൾ). പുതിയനിയമം വി. മത്തായി സുവിശേഷം മുതൽ വെളിപാട് പുസ്തകം വരെയാണ് എഴുതേണ്ടത്. കോളം തിരിക്കേണ്ടതില്ല. പാരഗ്രാഫ് തിരിച്ചെഴുതുക. ഓരോ പുസ്തകത്തിന്റെയും ആമുഖം എഴുതണം. അടിക്കുറിപ്പുകൾ എഴുതേണ്ടതില്ല. ഓരോ പുസ്തകവും പുതിയ പേജിൽ തുടങ്ങുക. അവസാനത്തെ ഒരു പേജിൽ പേരും സ്ഥലവും കുറിക്കുക. വിശദവിവരങ്ങൾക്ക് രൂപത ബൈബിൾ അപ്പോസ്തലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Ph : 9188087714

## പിതാവിന്റെ ഡയറി – ഏപ്രിൽ 2024

| | | |
|---|---|---|
| ഏപ്രിൽ 3 | 10.00 am | Commission Director's Meet at Vikas |
| | 5.00 pm | Vocation Camp, Mass |
| ഏപ്രിൽ 4 | 10.00 am | പൂമുട്ടുകൾ കിഡ്സ് |
| ഏപ്രിൽ 6 | 11.00 am | Final Profession at Mathilakam |
| ഏപ്രിൽ 7 | 3.30 pm | Ordination, Mathilakm |
| ഏപ്രിൽ 8 | 7.00 am | Major Seminary Camp, Manalikad |
| ഏപ്രിൽ 9 | 10.00 am | Mass, Attupuram Kapela, Kara |
| ഏപ്രിൽ 10 | 5.00 pm | കൊടികയറ്റം, കുർബാന, സെന്റ് വിൻസെന്റ് ഫെറർ ചർച്ച്, ചാത്തനാട് |
| ഏപ്രിൽ 13 | 4.30 pm | Silver Jubilee of Episcopal Consecration of Bp Varghese Chakkalakal |
| ഏപ്രിൽ 14 | 9.00 am | Fiath Mission Program , Thrissur |
| ഏപ്രിൽ 15 | 10.30 am | Religious First Profession, Assisi Bhavan, Puthenvelikkara |
| ഏപ്രിൽ 17 | 6.00 pm | കൊടികയറ്റം, കുർബാന, ആരാശുപുരം, കൊച്ചി |
| ഏപ്രിൽ 18 | 5.30 pm | തിരുനാൾ കുർബാന, St Patrik Church, Vytila |
| ഏപ്രിൽ 20 | 4.00 pm | Vestition, St. Francis Assisi Minor Seminary, Manalikad |
| ഏപ്രിൽ 23 | 5.00 pm | കുർബാന, CRC Manjumel |
| ഏപ്രിൽ 26 | 5.30 pm | കുർബാന, St George Church, Vadel |
| ഏപ്രിൽ 27 | 6.00 pm | കൊടികയറ്റം, കുർബാന, St. Joseph Bethlehem Church, Chullikal |
| ഏപ്രിൽ 28 | 5.00 pm | കുർബാന, ശതോത്തര പ്ലാറ്റിനം ജൂബിലി, കർത്തേടം |



"നിന്നെ ഏൽപിച്ചതിനെപ്പറ്റി ചിന്തിക്കുക; നിഗൂഢമായത് നിനക്കാവശ്യമില്ല."
പ്രഭാഷകൻ 3 : 22

## പിൻമൊഴി




# സിദ്ധാർത്ഥ് – നിനക്കുവേണ്ടി ഒരു തുള്ളി കണ്ണുനീർ

**ഫാ. ജോസഫ് കുന്നത്തൂർ**

വയനാടിന്റെ മനോഹാരിതയിൽ താമരശ്ശേരി ചുരം കയറിച്ചെല്ലുമ്പോൾ വൈത്തിരിയിൽ പൂക്കോട് തടാകത്തിനു സമീപം മലയാളികളുടെ വിദ്യാഭ്യാസ സങ്കൽപ്പത്തിന് തിലകക്കുറിയായി നിലകൊള്ളുന്ന 'പൂക്കോട് വെറ്ററിനറി സർവ്വകലാശാല.' ***പോസിറ്റീവ് എനർജി കൊണ്ട് നിറയേണ്ട ഒരു വിദ്യാഭ്യാസ സ്ഥാപനം വേദനാജനകമായ വാർത്തകളുടെ ഉറവിടമായി മാറിയിരിക്കുന്നു. സിദ്ധാർത്ഥ് എന്ന പേരുപോലും ശ്രീബുദ്ധ സ്മരണയിൽ സുമനസ്സുകളിൽ ആദരം ജനിപ്പിക്കുന്നതാണ്.*** ഒരുപിടി സ്വപ്നങ്ങളുമായി കോളേജിന്റെ പടികടന്നുവന്ന സിദ്ധാർത്ഥ് ആത്മഹത്യ ചെയ്യാനുള്ള സാഹചര്യമെന്തായിരുന്നു? താൻ പഠിക്കുന്ന കലാലയത്തിലെ എസ്എഫ്ഐ എന്ന വിദ്യാർത്ഥി സംഘടനയുടെ നേതൃത്വവുമായി കൂട്ടുകൂടി നടന്നെങ്കിലും അവർ എത്രതന്നെ നിർബന്ധിച്ചിട്ടും അംഗത്വമെടുക്കുവാൻ സിദ്ധാർത്ഥ് തയ്യാറായില്ല. ബഹുമുഖ പ്രതിഭയായിരുന്ന സിദ്ധാർത്ഥ് കലാരംഗത്തും പാഠ്യേതര പ്രവർത്തനങ്ങളിലും എസ്എഫ്ഐ നേതാക്കളേക്കാൾ കൂടുതൽ സ്വാധീനം വിദ്യാർത്ഥികളുടെ ഇടയിൽ നേടിയെടുത്തു. പ്രത്യേകിച്ച് പെൺകുട്ടികളുടെ ഇടയിൽ. ഒരു സീനിയർ വിദ്യാർത്ഥിനിയുടെ കൈപിടിച്ച് ഡാൻസ് ചെയ്തതോടെ ഇവനെ ഇങ്ങനെ വിട്ടാൽ പറ്റില്ല എന്ന് വെറ്ററിനറി സർവ്വകലാശാലയിലെ എസ്എഫ്ഐ നേതൃത്വം തീരുമാനിക്കുകയായിരുന്നു. അങ്ങനെ വീട്ടിലേക്ക് പോവുകയായിരുന്ന സിദ്ധാർത്ഥിനെ ഏറ്റവും അടുത്ത സുഹൃത്തുക്കളെക്കൊണ്ട് തിരിച്ചു വിളിച്ചു വരുത്തി കാലശാലയിലെ മൂന്നിടങ്ങളിൽ കൊണ്ടുപോയി മാരകമായി മർദ്ദിച്ചു. വിവസ്ത്രനാക്കി അടിവസ്ത്രം മാത്രം ധരിപ്പിച്ചായിരുന്നു ഉറ്റസുഹൃത്തുക്കളെന്ന് നടിച്ചിരുന്നവർ ബെൽറ്റും മറ്റും ഉപയോഗിച്ച് ക്രൂരമായി പ്രഹരിച്ചത്. മണിക്കൂറുകൾ നീണ്ട മർദ്ദന മുറകൾക്കുശേഷം പാതിരാത്രിയിൽ ഹോസ്റ്റലിന്റെ നടുമുറ്റത്ത് കൊണ്ടുപോയി പരസ്യവിചാരണയും നടത്തി. പിന്നെയും മർദ്ദനം തുടർന്നു. എഴുന്നേറ്റു നിൽക്കുവാൻ പോലും കെൽപ്പില്ലാതെ തളർന്നുപോയ സിദ്ധാർത്ഥിനെ ഒരു തുള്ളി വെള്ളം പോലും കുടിക്കുവാൻ അനുവദിച്ചില്ല. വെളുപ്പിന് സിദ്ധാർത്ഥ് മരിക്കുകയും ചെയ്തു. ബാത്റൂമിൽ കെട്ടിത്തൂങ്ങിയ നിലയിലാണ് മൃതദേഹം കാണപ്പെട്ടത്. കെട്ടിത്തൂങ്ങി ആത്മഹത്യ ചെയ്യുവാനുള്ള കെൽപ്പ് സിദ്ധാർത്ഥിന് ഉണ്ടായിരുന്നില്ലെന്ന് പറയപ്പെടുന്നു. അങ്ങനെയെങ്കിൽ സുഹൃത്തുക്കൾതന്നെ കൊന്ന് കെട്ടിത്തൂക്കിയതാണെന്ന് പറയേണ്ടിവരും. എസ്എഫ്ഐയുടെ നേതൃത്വത്തിൽ അരങ്ങേറിയ ഈ പരസ്യവിചാരണയും കൊലപാതകവും – ആത്മഹത്യയാണെങ്കിൽപോലും ഇതിനെ കൊലപാതകമായി പരിഗണിക്കേണ്ടിയിരിക്കുന്നു – മനസ്സാക്ഷി

യുള്ളവരെ ഞെട്ടിക്കുന്നതാണ്. വിദ്യാർത്ഥികളുടെയും ഹോസ്റ്റലിന്റെയും ഡീൻ തുടങ്ങിയവർ എസ്.എഫ്.ഐ നേതാക്കളെ രക്ഷിക്കുവാനുള്ള എല്ലാ ശ്രമങ്ങളും നടത്തുകയും ചെയ്തു.



ഇത് കേവലം വിദ്യാർത്ഥികൾ തമ്മിലുള്ള സംഘർഷമായി മാത്രം കാണുവാൻ സാധിക്കുകയില്ല. ഒന്നാം പ്രതി കുട്ടിക്കുരങ്ങന്മാരെക്കൊണ്ട് ചുടുചോറ് വാരിക്കുന്ന പാർട്ടിയിലെ യജമാനന്മാരാണ്. ആഭ്യന്തര മന്ത്രി സ്ഥാനം കയ്യാളുന്ന മുഖ്യമന്ത്രിയും പാർട്ടി നേതൃത്വവും ഇതിന് മറുപടി പറയേണ്ടിയിരിക്കുന്നു. എസ്എഫ്ഐക്ക് ഇടിമുറികളും ഓഫീസ് മുറികളും വിദ്യാഭ്യാസ സ്ഥാപനത്തിൽ ഒരുക്കി നൽകുകയും ചെയ്യുന്നവർ ഇപ്പോൾ "ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണാ" എന്ന സമീപനം സ്വീകരിക്കുന്നതിൽ അർത്ഥമില്ല. മുഖ്യമന്ത്രിയുടെയും ഉപദേശക വൃന്ദത്തിന്റെയും ചില മന്ത്രിമാരുടെയും അറിവോടെയാണ് എസ്എഫ്ഐയ്ക്ക് ഭൂരിപക്ഷമുള്ള കലാലയങ്ങളിൽ ഇടിമുറിയും മറ്റ് സംവിധാനങ്ങളും നിലനിൽക്കുന്നത്. വിദ്യാഭ്യാസത്തിന് ഒന്നാം സ്ഥാനം നൽകുന്നതിനു പകരം പാർട്ടിതാല്പര്യം സംരക്ഷിക്കുന്ന ഗുണ്ടാപ്രവർത്തനങ്ങളെയും പേടിപ്പിച്ച് ഭയപ്പെടുത്തി വരുതിയിലാക്കുന്ന സംവിധാനങ്ങളെയും എല്ലാ കലാലയങ്ങളിലും വളർത്തിയെടുക്കുവാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസരംഗമാകെ കലക്കി മീൻ പിടിക്കുവാനുള്ള ശ്രമം ഇനിയെങ്കിലും പൊതുജനം തിരിച്ചറിയേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സമാധാനാന്തരീക്ഷം തകർക്കുന്നതിനും, രാഷ്ട്രീയ താല്പര്യങ്ങളുടെ പേരിൽ പരസ്പരം പോരടിക്കുന്നതിനും, പ്രിൻസിപ്പലിന്റെ കസേര കത്തിക്കുന്നതിനും, പ്രിൻസിപ്പലിന് റീത്ത് സമർപ്പിക്കുന്നതിനും പ്രേരകമായി ഭവിക്കുന്നത് മുതിർന്ന നേതൃത്വത്തിന്റെ നിലപാടുകളാണ്. നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ ആർഷൊയെയാണ് എസ്എഫ്ഐയുടെ പ്രസിഡന്റാക്കിയിരിക്കുന്നത്. കെഎസ്‌യു പ്രവർത്തകയായ ഒരു പെൺകുട്ടിയെ പിന്നിലൂടെ ഓടിച്ചെന്ന് ചവിട്ടി വീഴ്ത്തിയ ആളെത്തന്നെ വേണമായിരുന്നോ എസ്എഫ്ഐ പ്രസിഡന്റാക്കുവാൻ. അതെ, ഇവരെയൊക്കെ ഭാവി മന്ത്രിമാരും നേതാക്കന്മാരുമായി പാർട്ടി വളർത്തിക്കൊണ്ടു വരികയാണ്. 'ഭാവിയെക്കുറിച്ചുള്ള നല്ല ചിന്തകൾ വേണ്ട' എന്ന സന്ദേശമാണ് ഇതിലൂടെ നൽകപ്പെടുന്നത്. 51 വെട്ടുവെട്ടി സ്വന്തം പാർട്ടിക്കാരനായിരുന്ന ചന്ദ്രശേഖരനെ വെട്ടിനുറുക്കിയവരും, കുരുന്നു വിദ്യാർത്ഥികളുടെ മുമ്പിലിട്ട് അധ്യാപകനെ വെട്ടിക്കൊലപ്പെടുത്തിയവരും, കോൺഗ്രസ് പ്രവർത്തകരായ രണ്ട് യുവനേതാക്കളെ വെട്ടിക്കൊന്നവരും ഇതിനൊക്കെ കാർമ്മികത്വം വഹിച്ചവർ അധികാര സ്ഥാനങ്ങളിലിരിക്കുമ്പോൾ ഇതിൽക്കൂടുതലൊന്നും പ്രതീക്ഷിക്കാനാവില്ല. ബംഗാളികൾ മലയാളികളേക്കാൾ എത്രയോ ഭേദം. അവർ കാര്യങ്ങൾ ഗ്രഹിച്ചപ്പോൾ തങ്ങൾ താലോലിച്ച പ്രസ്ഥാനത്തെ ചവറ്റുകൊട്ടയിൽ എറിയുവാൻ തന്റേടം കാണിച്ചു. മലയാളികളാകെ കണ്ടിട്ടും കൊണ്ടിട്ടും മനസ്സിലാക്കുന്നില്ല.



*"മകനേ, പാവപ്പെട്ടവന്റെ ഉപജീവനം തടയരുത്; ആവശ്യക്കാരനെ കാത്തിരുത്തി വിഷമിപ്പിക്കരുത്."* പ്രഭാഷകൻ 4 : 1


Wedding wishes...
Nithin & Mariya
Valiyara House, N paravur




# PRESENTATION COLLEGE OF APPLIED SCIENCES

**(Affiliated to MG University)**

**Owned and Managed by the Diocese of Kottapuram**

MANANCHERIKUNNU, PUTHENVELIKARA P.O., ERNAKULAM (DIST.) - 683 594, KERALA

## UG Courses

- B.Sc Biotechnology
- B.Sc Microbiology
- B.Sc Psychology
- B.Com Travel & Tourism
- B.Com Computer Application
- B.Com Finance & Taxation
- B.C.A.
- B.A English Language & Literature
- B.Sc MLT (Presentation Centre of Allied Sciences-KUHS)

## PG Courses

- M.Sc Biotechnology
- M.Sc Microbiology
- M.Sc Biochemistry
- M.Com Finance & Taxation
- Master of Tourism & Travel Management (MTTM)









**85898 55675, 94475 78317, 97450 24341, 86062 03104, 80867 87276**

www.presentationcollege.ac.in, e-mail : presentationcollege2002@gmail.com